കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
www.lfa.kerala.gov.in

# അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. പി.കെ.ഡി14/85/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 02.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :
അകത്തേത്തറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി

ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ പി.കെ.ഡി14/85/2019 തീയതി: 02.03.2019

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2017 മുതൽ 20.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 22.10.2018 മുതൽ<br>03.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീമതി പ്രീത.യു. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജിജീഷ് | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ഡി.സദാശിവൻ | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ എ.ഉണ്ണിക്കൃഷ്ണൻ | 01.04.2017മുതൽ 18.05.2017വരെ & 18.06.2017 മുതൽ 14.08.17 വരെ |
| | ശ്രീ ഹരിമോഹൻ ഉണ്ണിക്കൃഷ്ണൻ | 19.05.2017മുതൽ 17.06.2017വരെ & 15.08.17 മുതൽ 27.11.17 വരെ |
| | ശ്രീ ജി.തുളസീധരൻ | 28.11.2017മുതൽ 31.03.2018വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ശാലിനി.വി. | 01.04.2017മുതൽ 31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീ ഹരിമോഹൻ ഉണ്ണിക്കൃഷ്ണൻ | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദീപ്തി.എസ്. | 01.04.2017മുതൽ 17. 07.2017വരെ |
| | ശ്രീമതി ബിന്ദു.കെ. | 18.07.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ജി.ശർമ്മിള | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | ഡോ.ബാബു | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽഓഫീസർ - പി.എച്ച്. സി. | ഡോ.ജ്ഞമിത | 01.04.2017മുതൽ 31.03.2018വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ഐബി. | 01.04.2017മുതൽ 31.05.2017 വരെ |
| | ശ്രീമതിഷൈല മേരി | 01.06.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ഗോപകുമാർ.സി. | 01.04.2017മുതൽ 29.11.2017വരെ |
| | ഒഴിവ് | 30.11.17 മുതൽ 31.3.17 വരെ |
| | ശ്രീ.വിനോദ്കുമാർ.പി.എം. | 01.04.2017മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.അഫ്സ.എം.എസ്. | 01.04.2017മുതൽ 31.03.2018വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതിരമ.ആർ. | 01.04.2017മുതൽ 20.07.2017വരെ |
| | ശ്രീമതി സുമ.കെ. | 20.07.2017മുതൽ 04.01.2018വരെ |
| | ശ്രീമതി വനജ.എസ്. | 05.01.2018മുതൽ 31.03.2018വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2017 -ാം തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 13.03.2018-ാം തീയതിയിലെ 4(1)-ാംതീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 29.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 &26.06.2018 | കെ.എസ്.എ- പികെ.ഡി. 21/1904(84)/ |

| | | |
|---|---|---|
| | | 2018/29.08.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5446894 |
| വരവ് | 61904276 |
| ആകെ | 67351170 |
| ചെലവ് | 63917114 |
| നീക്കിയിരിപ്പ് | 3434056 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18876038 | 18876038 | 13759739 | 5116299 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 327158 | 327158 | 201343 | 125815 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 6322163 | 6322163 | 4827487 | 1494676 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5153000 | 5153000 | 4292856 | 860144 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3339000 | 3339000 | 2856545 | 482455 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7006927 | 7006927 | 6312302 | 694625 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 3743696 | 3743696 | 3252298 | 491398 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 1691 | 77 | 1768 | 0 | 1768 |
| ദുരിതാശ്വാസ നിധി | | 22077 | 843 | 22920 | 0 | 22920 |
| എംജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 7997706 | 7997706 | 7997706 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2115 | 983728 | 985843 | 966783 | 19060 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 630000 | 352147 | 982147 | 982147 | 0 |
| | ഐസിഡിഎസ് | 412764 | 1090110 (received 292959 through journal entry) | 1502874 | 61706 | 1441168 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 15000 | 15000 | 15000 | nil |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 370000 | 2415236 | 2785236 | 1085362 | 1699874 |
| | ജില്ലാ പഞ്ചായത്ത് | 0 | 110000 | 110000 | 110000 | 0 |
| ബി ഫണ്ട് | | - | 26760 | 26760 | 26760 | - |
| തനതുഫണ്ട് | ബാങ്ക് അക്കൗണ്ട് | 2755628 | 11854555 | 14610183 | 12100706 | 2509477 |
| | ട്രഷറിഅക്കൗണ്ട്-ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 2284952 | 16370067 | 18655019 | 18107353 | 547666 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 64152036 | 168 | 36848063 | - | 54 | 75.67 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | നടപ്പാക്കിയത് | | ചെലവഴിച്ച തുക | | ചെലവ് % |
|---|---|---|---|---|---|
| | പദ്ധതികളുടെ എണ്ണം | അടങ്കൽ | പദ്ധതികളുടെ എണ്ണം | തുക | |
| കൃഷി ഓഫീസർ | 3 | 3614750 | 3 | 2171413 | 60 |
| വി.ഇ.ഒ – 1, 2 | 20 | 6345675 | 17 | 3184380 | 50 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 5782200 | 11 | 3516570 | 60.8 |
| സെക്രട്ടറി | 26 | 8834356 | 16 | 5251774 | 59 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 96 | 26302929 | 75 | 14590777 | 55 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 775000 | 6 | 749856 | 96.75 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 700000 | 2 | 700000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 5229000 | 6 | 1756500 | 33.59 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | 2 | 1220252 | 2 | 1220252 | 100 |
| എച്ച്.എം | 37 | 2962274 | 24 | 1889726 | 63.79 |
| അസി.സെക്രട്ടറി | 8 | 2385600 | 6 | 1816815 | 76 |
| ആകെ | 222 | 64152036 | 168 | 36848063 | 57.43 |

ആകെ വകയിരുത്തിയ തുകയുടെ 57.43% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവയുടെ അഭാവവും നിർവ്വഹണ കലണ്ടറിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാതിരിക്കൽ, ഗുണഭോക്താക്കളുടെ അഭാവം എന്നിവ മൂലവും പല പദ്ധതികളും ഉപേക്ഷിക്കപ്പെടാനിടയാകുകയും പൂർത്തീകരണം നീണ്ടു പോകാനിടയാവുകയും ഭാഗികമായി മാത്രം നടപ്പിലാവുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭ്യത ഉറപ്പാക്കാനായിട്ടില്ല. താരതമ്യേന ചെറിയ തുകകളുള്ള കൂടുതൽ എണ്ണം പ്രൊജക്റ്റുകൾ വകയിരുത്തുന്നത് നിർവ്വഹണത്തിന്റെ ഗുണപരതയെ ബാധിക്കാനിടയുള്ളതുകൊണ്ട് ഏറ്റവും അത്യാവശ്യമുള്ളതും കൂടുതൽ പേർക്ക് പ്രയോജനപ്പെടുന്നതുമായ പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യുന്നത് ഉചിതമായിരിക്കും. ഉദാഹരണമായി ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം 9 സ്പിൽഓവർ പ്രവൃത്തികളുൾപ്പെടെ 37പ്രൊജക്റ്റുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. 3480/-,6000/- മുതൽ തുക വകയിരുത്തിയിട്ടുള്ള ഇവയിൽ 24 എണ്ണം മാത്രമേ നടപ്പിലായിട്ടുള്ളൂ.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന സമിതികളുടേയും കമ്മിറ്റികളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് എന്നുകാണുന്നു.

1. ആസൂത്രണ സമിതി

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ധൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ ആസൂത്രണ സമിതി 07.02.17ന് രൂപീകരിച്ചിട്ടുണ്ട്. ആദ്യ യോഗത്തിൽ പ്രത്യേക ചർച്ചകളൊന്നും നടന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. തൻവർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി 7യോഗങ്ങൾ കൂടി ചേർന്നിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും ഒന്നിൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉള്ളൂ. മറ്റുള്ളവയിൽ ഒപ്പു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായി രേഖകളില്ല. ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ചുമതലകളും നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

2. <u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

അനിവാര്യമായി രൂപീകരിക്കേണ്ട 12 വർക്കിംഗ് ഗ്രൂപ്പുകളെല്ലാം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചപ്പോൾ പല വർക്കിംഗ് ഗ്രൂപ്പും 3 അല്ലെങ്കിൽ 4 യോഗങ്ങൾ ചേർന്നിട്ടുള്ളതായി കണ്ടു. പദ്ധതികളുടെ ആവശ്യകത മാത്രമാണ് യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതായി ഭരണസമിതി മിനിറ്റ്സിൽ പരാമർശമുണ്ടങ്കിലും ഹാജരാക്കാത്തതിനാൽ മേഖലകളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ഇവ അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കിയതായി രേഖകളില്ല. നിർദ്ദേശിക്കപ്പെട്ട വിവിധ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പല പദ്ധതികളിലും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായി തയ്യാറാക്കുക, പ്രൊജക്റ്റുകൾ ശുപാർശ ചെയ്യുക, പദ്ധതികളുടെ കൃത്യതയും നിയമസാധുതയും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ഒരു പരിധിവരെ പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

- വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക, യോഗങ്ങൾ വിളിച്ചു ചേർക്കുക, വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കുക, പദ്ധതി തയ്യാറാക്കുക, ന്യൂനതകൾ പരിഹരിക്കുക മുതലായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിർവ്വഹണോദ്യോഗസ്ഥരുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. . പദ്ധതികൾ മുടങ്ങിപ്പോകാത്തവിധം ആവശ്യമായ ഭൗതിക സാഹചര്യം, ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- ക്ഷേമകാര്യം, ആരോഗ്യംവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വിഷയവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിറവേറ്റിയിട്ടുള്ളത്.

തൻ വർഷത്തെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും മേൽ സൂചിപ്പിച്ച കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. വിവിധ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾ പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചക്ക് കാരണമാകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2115 | 983728 | 985843 | 966783 | 19060 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7997706 | 7997706 | 7997706 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26760 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 3433600 | 305 |
| വിധവാ പെൻഷൻ | 9570300 | 868 |
| വാർദ്ധക്യകാല പെൻഷൻ | 18283300 | 1642 |
| വികലാംഗ പെൻഷൻ | 2768500 | 245 |
| അവിവാഹിത പെൻഷൻ | 714900 | 69 |
| വിവാഹ ധനസഹായം | 90000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52116/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
- ഓരോ മാസത്തേയും വരവു ചെലവു കണക്കുകൾ അടുത്ത മാസം 10-ാം തീയതിക്കകം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കുന്നില്ല.
- സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക പൂർണ്ണമായി സമയബന്ധിതമായി

ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.
- ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റ് നടപ്പിലായിട്ടില്ല.
- പർച്ചേസ് കമ്മിറ്റി യഥാസമയം കൂടി വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നില്ല.
- പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കി തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പ്

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
- വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾക്കു പുറമെ ഫ്യുവൽ ഓർഡർ ബുക്ക്, ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ കൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
- സംയുക്ത പ്രൊജക്റ്റുകൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നു ലഭ്യമാകുന്ന തുകകളുടെ വരവ് ചെലവുകളുടെ വിവരം സൂക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. കൂടാതെ വരവുചെലവുകൾ സാംഖ്യയിൽ ഉൾപ്പെടുത്തുമ്പോൾ അവയുടെ ശീർഷകം, കൃത്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/10/2018 | 09/2018 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2013-14 (04/11/2014 to 22/11/2014) | 2009-10 to 2013-14 | 12/12/2014 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപാകതകൾ ഒന്നുമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി ബുക്കുകളുടെ ഉപയോഗം-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2. സാമ്പത്തിക വർഷം അവസാനിച്ചാൽ അവശേഷിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്യേണ്ടതും നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള രശീതി ബുക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.11086,11099(ഹെഡ് മാസ്റ്റർ) എന്നീ രശീതി ബുക്കുകളിലെ ബാക്കിയുള്ള രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്.
3. റദ്ദാക്കുന്ന എല്ലാ രശീതികളിലും കാരണം രേഖപ്പെടുത്തേണ്ടതാണ്.

## 2-2 ബഡ്ജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാകേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.
2. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.
3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

അകത്തേത്തറ ഗ്രാമ പഞ്ചായത്തിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഘടകസ്ഥാപനങ്ങളുടെ പ്രെപ്പോസലുകൾ ആവശ്യപ്പെട്ടതുതന്നെ 27.2.17 നാണ്.മറ്റു നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നടപടിക്രമം | ചട്ടപ്രകാരം നടത്തേണ്ട തീയതി | പഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെട്ട തിയ്യതി | 2016 ഡിസംബർ 15 ന മുൻപ് | 27.2.17 |
| 2 | നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിച്ച തിയ്യതി | 2017 ജനവരി 15 ന മുൻപ് | 6.3.17 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്ന തീയതി | 2017 ജനവരി 25 ന മുൻപ് | മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | വിവിധ സ്റ്റാന്റിങ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വച്ച തിയ്യതി | 2017 ഫെബ്രുവരി 1ന് മുൻപ് | 13.3.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരിച്ച തിയ്യതി | 2017 ഫെബ്രുവരി 28ന് മുൻപ് | 21.3.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിച്ച തിയ്യതി | 2017 മാർച്ച് 1ന മുൻപ് | 21.3.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേർന്ന തിയ്യതി | 2017 മാർച്ച് 7ന മുൻപ് | 23.3.17 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേർന്ന തിയ്യതി | 2017 മാർച്ച് 31ന മുൻപ് | 28.3.17 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ബഡ്ജറ്റ് കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-എല്ലാ സ്ഥാപനങ്ങളെയും സ്ഥാപനരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം (ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം |
|---|---|---|
| 1 | ഫ്ലയാറ ഹാൻഡിക്രാഫ്റ്റ്സ്(7) | 1 & 2 |
| 2 | ഗാലന്റ് സെക്യൂരിറ്റി ഗ്രൂപ്പ്(9) | 1 & 2 |
| 3 | ശിവാനന്ദ പ്രസ്സ്(4) | 1 & 2 |
| 4 | ഡി വി ജി സ്റ്റോൺ ക്രഷർ,ശാസ്താനഗർ(5) | 1 & 2 |
| 5 | മെക്കോടെക് ഇൻഡസ്ട്രീസ്,ആർ കെ നഗർ(5) | 1 & 2 |
| 6 | അലൻടെക് ഇൻഡസ്ട്രിയൽ സൊല്യൂഷൻസ് (8) | 1 & 2 |
| 7 | തത്ത്വമസി വാട്ടർ സപ്ലൈ,അകത്തേത്തറ(9) | 1 & 2 |
| 8 | മിഥില കൺസ്ട്രക്ഷൻസ്,വടക്കേത്തറ | 2 |
| 9 | ഉത്തര ഫുഡ്സ്&ഫാഡ്സ്,കല്ലേകുളങ്ങര | 1 & 2 |
| 10 | ആൽഫാ ക്ലിനിക്കൽ ലാബ്,അകത്തേത്തറ | 2 |

ബി)താഴെ പറയുന്ന സ്ഥാപനങ്ങൾ/ട്രേഡേഴ്സിൽ നിന്നുള്ള സ്ഥാപന നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | യൂണിയൻ ബാങ്ക് | 2 |
| 2 | കെ എസ് ഇ ബി | 1 & 2 |
| 3 | മായ ഓഡിറ്റോറിയം | 1 & 2 |
| 4 | ക്ഷീര വ്യവസായ സഹകരണ സംഘം | 2 |
| 5 | രാജീവ് ഗാന്ധി മൾട്ടിപർപ്പസ് സൊസൈറ്റി | 2 |
| 6 | സോപാനം ഹാൾ, സൂര്യ നഗർ | 1&2 |
| 7 | സഫ ഓഡിറ്റോറിയം, അകത്തേത്തറ | 1&2 |

സി)കള്ളുഷാപ്പുകളിൽ നിന്നും തൊഴിൽ നികുതി,സ്ഥാപനനികുതി എന്നിവ അടവാക്കാവുന്നതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്നുള്ള തൊഴിൽ നികുതി,സ്ഥാപനനികുതി എന്നിവ അടവാക്കിയതായി കാണുന്നില്ല.ഇവ ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ഡി)തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയോ നൽകേണ്ടതുമാണ്.

## 2-4 കരാറുകാറിൽ നിന്നുള്ള തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തുമായി കരാർ പ്രവർത്തിയിൽ ഏർപ്പെട്ടിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് | കരാർ പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | സാബു ജോർജ്ജ്, പുലിക്കോട്ടിൽ, ധോണി | 6 |
| 2 | കെ.സി.തോമസ്, കരിമുളക്കൽ | 3 |
| 3 | എ.വേലൈയുധൻ, കൊല്ലാത്ത്, കൊട്ടേക്കാട് | 3 |
| 4 | ഗുരുസ്വാമി, അകത്തേത്തറ | 3 |
| 5 | രാജഗോപാൽ സ്വാമി, കല്ലേക്കുളങ്ങര | 1 |
| 6 | സേവ്യർ ജോർജ്ജ് | 1 |
| 7 | കെ.രമണൻ, നന്ദനം, കൊട്ടന്തിരപ്പുള്ളി | 2 |
| 8 | ആർ.രവി, അകത്തേത്തറ | 4 |
| 9 | നിജോ.പി.സെബാസ്റ്റ്യൻ | 8 |
| 10 | പി.കെ.സെബാസ്റ്റ്യൻ | 3 |
| 11 | പി.അശോകൻ | 2 |
| 12 | ജനിൽ ജേക്കബ്, ധോണി | 5 |
| 13 | കെ.കണ്ണൻ, വൃന്ദാവൻ നഗർ | 2 |
| 14 | എൽജോ.പി.ജോർജ്ജ് | 1 |
| 15 | വി.രാമദാസ്, അകത്തേത്തറ | 7 |
| 16 | കെ.ആർ.ബാലസുബ്രമണ്യൻ | 3 |

പഞ്ചായത്തുമായി 59 ദിവസത്തിൽ കൂടുതൽ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

## 2-5 ഡി&ഒ ലൈസൻസ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

ഭേദഗതി ചട്ട പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് ഏകീകരണവും വർദ്ധനയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ജി.ഒ(പി)80/17/തസ്വഭവ പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം പട്ടിക 2ൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ഒരു ദിവസത്തെ മൊത്തം വിറ്റു വരവിനു പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിശദവിവരം

താഴെ കൊടുക്കുന്നു.

| ക്രമ നം | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

എന്നാൽ ടി ഭേദഗതി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയോ ഭരണസമിതിയോ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾനൽകുകയോ ചെയ്തിട്ടില്ല.ഇതുമൂലം 2018-19 ൽ മുൻകൂർ ആയി ലൈസൻസ് അനുവദിക്കുന്ന സമയത്ത് പഴയ നിരക്കിലുള്ള തുകയാണ് അടവാക്കിയിട്ടുള്ളത്.ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.പുതിയ നിരക്കിലുള്ള ലൈസൻസ് ഫീ അടവാക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>ബി)ഇറച്ചിക്കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും )ചട്ടങ്ങൾ ,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 230 പ്രകാരം എന്നിവ പ്രകാരം വിൽപ്പനയ്ക്കായി ഇറച്ചി കച്ചവടം ചെയ്യുമ്പോൾ അത് പൊതു കശാപ്പുശാലയിൽ വച്ചോ വകുപ്പ് 230പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കശാപ്പ് ശാലയിൽ വച്ചോ മാത്രമേ കശാപ്പ് ചെയ്യാൻ പാടുള്ളൂ.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകളൊന്നും 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.അകത്തേത്തറ ഗ്രാമ പഞ്ചായത്തിൽ അനധികൃതമായി കോഴി വേസ്റ്റ് നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ നില നിൽക്കുന്നുണ്ട്.എന്നിട്ടുകൂടി പഞ്ചായത്തു പരിധിയിലുള്ള എല്ലാ ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതാണ് പ്രവർത്തിക്കുന്നത്.മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>സി)പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്</u>

കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിൽ ഡി&ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളെ എണ്ണം താഴെ കൊടുക്കുന്നു.

| 2016-17 | 2017-18 |
|---|---|
| 251 | 219 |

2016-17 വർഷത്തിൽ 251 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തപ്പോൾ 2017-18 ൽ 219 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് പരിധിയിൽ വന്നത്. പഞ്ചായത്ത് പരിധിയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയും പുതുക്കാതെയും പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ്

പരിധിയിൽ കൊണ്ടു വരുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഡി)പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ-രജിസ്ട്രേഷൻ നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്റ്റ്(1994ലെ 13) 270,271,254 വകുപ്പുകൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷകൻ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുൻപ് 200/- രൂപ രജിസ്ട്രേഷൻ ഫീ സഹിതം ഫോറം 1ൽ അപേക്ഷിക്കേണ്ടതാണ്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദു ചെയ്തതിന് ശേഷവും തുടരുകയോ ചെയ്യുകയാണെങ്കിൽ സ്ഥാപനത്തിന്മേൽ 5000/- രൂപ പിഴ ചുമത്തേണ്ടതും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/- രൂപ വരെ അധിക പിഴ നൽകേണ്ടതുമാണ്.2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ ഒരു ക്ലിനിക്ക് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതു പോലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി,സ്ഥാപനനികുതി,ലൈസൻസ് ഫീ എന്നിവ ഈടാക്കാത്തതിനാൽ പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളെയും പാരാമെഡിക്കൽ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയ്ക്കുള്ളിൽ കൊണ്ടു വരേണ്ടതും അല്ലാത്തവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ)പട്ടി/പന്നികൾക്കായുള്ള ലൈസൻസ് എടുക്കുന്ന/പുതുക്കുന്നവരുടെ എണ്ണം വർഷം തോറും കുറയുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994ലെ 13) 254 ആം വകുപ്പ് (2)ആം ഉപവകുപ്പ് (ii) ആം ഖണ്ഡപ്രകാരം പട്ടി, പന്നി എന്നിവയെ വളർത്തുന്നതിനായി പഞ്ചായത്തിന്റെ അനുമതി വാങ്ങേണ്ടതാണ്. പട്ടിയെ സംബന്ധിച്ച് (1)ആം ഉപചട്ടപ്രകാരമോ (2)ആം ഉപചട്ടപ്രകാരമോ ഉള്ള അപേക്ഷയോടൊപ്പം, പേപ്പട്ടി വിഷബാധയ്ക്കെതിരെ അതിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്ന് ഒരു മൃഗ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ലൈസൻസ് നൽകുന്നതോടൊപ്പം അതിന്റെ സൂചനയ്ക്കായി മുദ്രണം ചെയ്യപ്പെട്ട ഒരു മെറ്റൽ ടോക്കൺ സെക്രട്ടറി മൃഗത്തിന്റെ ഉടമസ്ഥന് നൽകേണ്ടതും അയാളത് മൃഗത്തിന്റെ കഴുത്തിൽ കെട്ടി സൂക്ഷിക്കേണ്ടതുമാണ്. ലൈസൻസിന്റെ കാലാവധി അതത് സാമ്പത്തിക വർഷാവസാനം വരെ ആയിരിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കേണ്ടതാണ്. കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലെ ലൈസൻസ് വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 2015-16 | 82 |
| 2016-17 | 33 |
| 2017-18 | 22 |

വർഷം തോറും ലൈസൻസ് എടുക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു. ഈ

വിഷയത്തിൽ ചട്ടങ്ങൾ പാലിക്കുവാൻ ശ്രമിക്കേണ്ടതാണ്.

എഫ് )ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

# 2-6 ഷ്രേഡിങ് യൂണിറ്റ്-മാതൃകാപരം-രശീതികളുടേയും പണമിടപാടുകളുടേയും ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

അകത്തേത്തറ ഗ്രാമ പഞ്ചായത്തിലെ ഷ്രേഡിങ് യൂണിറ്റിൽ ഉത്പ്പാദിപ്പിക്കുന്ന ഷ്രേഡ് പ്ലാസ്റ്റിക്കുകൾ പാലക്കാട് ജില്ലയിലെയോ തൊട്ടടുത്ത ജില്ലയിലേയോ മരാമത്ത് പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിനായി സപ്ലൈ ചെയ്യുന്നതാണെന്ന വ്യവസ്ഥയിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഇപ്രകാരം സപ്ലൈ ചെയ്യുന്ന ഒരു കിലോ ഗ്രാം പ്ലാസ്റ്റിക്കിന് 15/- രൂപ ഈടാക്കുന്നതാണ്. ഇതിനായി പഞ്ചായത്തിലെ ഹരിത കർമ്മ സേന,ശുചിത്വസേന എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് വിൽപ്പന നടത്തിയ ഇനത്തിൽ 21209/- രൂപ 16.05.2018 ന് പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വന്നതായി അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ഉപയോഗിക്കുന്ന രശീതികളുടേയും പണമിടപാടുകളുടേയും ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

# 2-7 ഒഴിവാക്കി

# 2-8 ഭവനനിധി അക്കൗണ്ടുകൾ ആരംഭിച്ചിട്ടില്ല

ലൈഫ് മിഷനുവേണ്ടി സംഭാവനകൾ സ്വീകരിക്കുന്നതിനായി അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ഭവനനിധി അക്കൗണ്ട് ആരംഭിക്കുവാൻ 30.12.17ലെ സാധാരണ യോഗം അജണ്ട 5 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടി അക്കൗണ്ട് ആരംഭിക്കുകയോ ധനസമാഹരണം നടത്തുകയോ ചെയ്തിട്ടില്ല. സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ്

അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്,വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ, വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. പദ്ധതിക്കാവശ്യമായ ധനസമാഹരണത്തിനായി കേരള അർബൻ&റൂറൽ ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ഓഡിറ്റ് അന്വേഷണം 7 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 2-9 വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ആം ചട്ടം 1-ആം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ആം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.താഴെ പറയുന്ന കെട്ടിടത്തിന്റെ വിവിധ മുറികളുടെ വസ്തു നികുതി വെവ്വേറെ കെട്ടിടങ്ങളുടേതു പോലാണ് നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമ | വിസ്തീർണ്ണം | ആകെ വിസ്തീർണ്ണം | കണക്കാക്കിയ അടിസ്ഥാന നികുതി | കണക്കാക്കാവുന്നത് |
|---|---|---|---|---|---|---|
| 1 | 11,1/1 | ജലീൽ&ജസ്സി ജലീൽ മൻസിൽ കല്ലേക്കുളങ്ങര | 57 | 200 | 40 | 60 |
| 2 | 11,1/2 | | 22 | | | |
| 3 | 11,1/3 | | 21 | | | |
| 4 | 11,1/4 | | 38 | | | |

| | | | |
|---|---|---|---|
| 5 | 11,1/5 | 41 | |
| 6 | 11,1/6 | 21 | |

6 മുറികൾക്കും കൂടി 9361/- രൂപയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.100 ച മീ മുകളിലുള്ള ഒറ്റ കെട്ടിടമായി കണക്കാക്കി വസ്തു നികുതി നിർണ്ണയിക്കുമ്പോൾ 14400/- രൂപ അടവാക്കാവുന്നതാണ്.മേൽ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

## 2-10 ഹോം സ്റ്റേകൾക്ക് ബാധകമായ വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിൽ എൻ എസ് എസ് എഞ്ചിനീയറിംഗ് കോളേജിന്റെ പരിസരങ്ങളിൽ ഗാർഹികാവശ്യങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുകയും എന്നാൽ ഹോസ്റ്റൽ ആയി ഉപയോഗിക്കുകയും ചെയ്യുന്ന ധാരാളം കെട്ടിടങ്ങൾ ഉണ്ട്.ഇവയിൽ നിന്നും ഗാർഹികാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ വസ്തു നികുതിയാണ് അടവാക്കിയിരുന്നത്.ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 8 ന്റെ മറുപടിയിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചതായി അറിയിച്ചിട്ടുണ്ട്.ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-11 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37120147228) 18.9.2018 ന് 95000/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ.തിയതി, 29.3.2017 പ്രകാരം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ച കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം. പൊതുഭരണം വർക്കിംഗ് ഗ്രൂപ്പ് തൻവർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ, റെക്കോർഡ് റൂം, ജീവനക്കാർക്ക് ക്യബിൻ,റാക്ക് സെറ്റ് ചെയ്യൽ, ഘടകസ്ഥാപനങ്ങൾക്ക് ഇന്റർ നെറ്റ്, തുടങ്ങി 9 പദ്ധതികൾ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും തുക വകയിരുത്തിയ പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റിന് (26/2018) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 200000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല. ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പൗരാവകാശ രേഖ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് നിയമാനുസൃതം പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല എന്നും പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് 2018-19 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിക്ക്(23/2.11.2017) മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും-സാമഗ്രികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നം - 134/18

അടങ്കൽ - 65000 (MG-non road)

മേൽ പദ്ധതിക്കായി 3 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അക്ഷര എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 3.03.18 ന് സാമഗ്രികൾ സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്ന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും സാമഗ്രികൾ സപ്ലൈ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ സ്ഥാപനത്തിന്റെ ഇ.എം.ഡി കണ്ട് കെട്ടി, കരാർ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കേണ്ടതാണ്. ഈയിനത്തിൽ സ്ഥാപനം 1625/-രൂപ അടവാക്കിയിട്ടുണ്ട് (രസീത് നമ്പർ - 117040106149/23.01.18)

## 3-3 അസാധാരണ ചെലവുകൾ - 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പാലിക്കേണ്ടതാണ്

സാമ്പത്തിക വർഷം പഞ്ചായത്തിൽ നിർവ്വഹിച്ച അസാധാരണ ചെലവുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവ് വിവരം | വൗച്ചർ നം/തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികളെ ആദരിക്കൽ | 190/7.06.17 | 1600 |
| 2 | വിദ്യാഭ്യാസ സംഗമം,യാത്രയയപ്പ് | 217/14.06.17 | 450 |
| 3 | വിദ്യാഭ്യാസ സംഗമം, വിജയോത്സവം | 407/9.0817 | 2700 |
| 4 | വിജയോത്സവം, എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക് ട്രോഫി | 539/23.09.17 | 3543 |
| 5 | ടി | 540/23.09.17 | 1015 |
| 6 | ടി | 629/19.10.17 | 3785 |
| 7 | നടക്കാവ് മേൽപ്പാലം ശിലാസ്ഥാപനം | 602/7.10.17 | 25000 |
| 8 | നടക്കാവ് മേൽപ്പാലം ശിലാസ്ഥാപനം -സ്റ്റേജ് സജ്ജീകരണം | 657/23.10.17 | 17000 |
| 9 | ടി - ബാനർ ചെലവ് | 658/23.10.17 | 1550 |
| 10 | കർഷകാഘോഷം | 667/24.10.17 | 5000 |
| 11 | നടക്കാവ് മേൽപ്പാലം-ശിലാഫലകം | 677/27.10.17 | 5000 |
| 12 | ടി- ലൈറ്റ്, സൗണ്ട് | 678/27.10.17 | 4500 |
| 13 | ടി- ജനറേറ്റർ വാടക | 679/27.10.17 | 2800 |
| 14 | ടി- ലൈറ്റ്, സൗണ്ട്, വാഹനപ്രചരണം | 680/27.10.17 | 2700 |
| 15 | ടി- ഫോട്ടോ | 698/30.10.17 | 643 |
| 16 | ടി- നോട്ടീസ് | 701/31.10.17 | 450 |
| 17 | ബഡ്സ് സ്കൂൾ ഉദ്ഘാടനം-നോട്ടീസ് | 947/24.01.18 | 1000 |
| 18 | ടി - ഫർണിച്ചർ വാടക | 948/24.01.18 | 2775 |
| 19 | ടി - ഭക്ഷണം | 991/5.02.18 | 760 |
| 20 | ടി - ബോർഡ്, ബാനർ | 1186/20.03.18 | 14000 |
| ആകെ | | | 96,271/- |

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് മുൻവർഷത്തെ മിച്ച ഫണ്ടിന്റെ 20% വരെയും എന്നാൽ 1 ലക്ഷം രൂപയിൽ കവിയാതെയും അസാധാരണ ചെലവുകൾ നിർവ്വഹിക്കേണ്ടതും, സർക്കുലർ നം - 491/എഫ്. എം3/2016/ത.സ്വ.ഭ.വ/ 12.12.2016 പ്രകാരം ചെലവ് പരിധി കർശനമായി പാലിക്കേണ്ടതുമാണ്. അസാധാരണ ചെലവുകൾ സംബന്ധിച്ച ഒരു രജിസ്റ്റർ തയ്യാറാക്കി,

ഇതിൽ ചെലവ് തുക,പഞ്ചായത്ത് തീരുമാനം നമ്പർ. തീയതി, ആകെ ചെലവ് തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കേണ്ടതാണ്.

## **3-4** വാഹനങ്ങളുടെ വിനിയോഗം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്

പഞ്ചായത്തിൽ ഓഫീസ് വാഹനത്തിനുപുറമെ ഖരമാലിന്യ പദ്ധതിക്കായി ഒരു ട്രാക്ടറും ഉപയോഗിച്ചു വരുന്നു. ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ 30.06.07 പ്രകാരം വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾക്കു പുറമെ താഴെ പറയുന്ന രജിസ്റ്ററുകൾ കൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1. ഫ്യുവൽ ഓർഡർ ബുക്ക്
2. ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ
3. വെഹിക്കിൾ ഹിസ്റ്ററി ബുക്ക്
4. റിപ്പയർ രജിസ്റ്റർ

ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## **3-5** സമഗ്ര നെൽകൃഷി വികസനം - കൂലി ചെലവ് സബ് സിഡി - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല

പ്രൊജക്ട് നമ്പർ - 238/18

അടങ്കൽ - 33,76,250

മേൽ പദ്ധതി പ്രകാരം കൂലി ചെലവ് സബ്സിഡിയിനത്തിൽ വകയിരുത്തി ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| വിവിധ ഫണ്ടുകൾ | വകയിരുത്തൽ | ചെലവ് |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം - 8500/ഹെക്ടർ | 1062500 | 960670 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 3500/ഹെക്ടർ | 437500 | 395570 |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം - 5000/ഹെക്ടർ | 625000 | വിഹിതം ലഭ്യമായില്ല |

ആകെ 6 പാടശേഖര സമിതികളിലായി 266 ഗുണഭോക്താക്കൾക്ക് 113.02 ഹെക്ടറിന് മേൽ പട്ടികയിൽ പരാമർശിച്ച നിരക്കുകൾ പ്രകാരമാണ് ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിച്ചിട്ടുള്ളത്. 30.12.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 12(6) പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 565100/- രൂപ (113.02 x5000) ലഭ്യമാക്കുവാൻ 17.01.18 ന് ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയെങ്കിലും ആയത് ലഭ്യമായില്ല.

13 -ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം 80/17 ത.സ്വ.ഭ.വ 03.04.17 പ്രകാരം കൂലി ച്ചെലവ് സബ്സിഡിയിനത്തിൽ 50% വിഹിതം ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

13 -ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം 79/17 ത.സ്വ.ഭ.വ 03.04.17 പ്രകാരം കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുൻപ് സംയുക്ത പ്രൊജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുവാൻ സ്ഥാപന മേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതാണ്. സംയുക്ത പ്രൊജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ച് പ്രൊജക്ടിൽ വകയിരുത്തുന്നത് പ്രകാരമുള്ള വിഭവസമാഹരണം ഉറപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - വാർഷിക കരാറിലധിഷ്ഠിതമായി നിർവ്വഹണം നടത്തേണ്ടതാണ്

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണിക്കായി 2016-17 വർഷത്തിൽ 5 ലക്ഷം രൂപ അടങ്കൽ തനത് ഫണ്ടിൽ നിന്ന് വകയിരുത്തികാണുന്നു. ഇതിൽ 2.5 ലക്ഷം രൂപ വീതം അറ്റകുറ്റപണി, സാധന സാമഗ്രികൾ വാങ്ങൽ എന്നിവക്കായി നീക്കിവെച്ചിട്ടുണ്ട്. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ അറ്റകുറ്റപണി ബെസ്റ്റ് പവർ സിസ്റ്റംസ്, പാലക്കാട് എന്ന സ്ഥാപനത്തിനും, സാധന സാമഗ്രികൾ സപ്ലൈ പവർ ലൈൻ, കല്ലായി, കോഴിക്കോട് എന്ന സ്ഥാപനത്തിനും ടെണ്ടർ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

അറ്റകുറ്റപണിക്കായി ബെസ്റ്റ് പവർ സിസ്റ്റംസുമായി 7.11.2016 ന് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.(നം - 1/16-17) പ്രസ്തുത കരാറിന്റെ കാലാവധി 6.11.2017 വരെയാണ്. ടി കാലയളവിൽ സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

31.12.16 – 131430 (337 എണ്ണം വിളക്കുകൾ x 390)

10.03.17 – 114270 ( 293 എണ്ണം വിളക്കുകൾ x 390)

20.10.17 – 3850 (സോഡിയം വേപ്പർ ലാംപ് റിപ്പയർ)

ആകെ - 249500

ഓരോ വാർഡിലും ഇത്ര എണ്ണം വിളക്കുകൾ റിപ്പയർ ചെയ്തു എന്നതിന് കൃത്യമായ മോണിറ്ററിങ്ങ് റിപ്പോർട്ടോ, കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രമോ ഫയലിൽ ഇല്ല.

സാധന സാമഗ്രികൾ സപ്ലൈ ചെയ്തതിന് പവർ ലൈൻ, കല്ലായി, കോഴിക്കോട് എന്ന സ്ഥാപനത്തിന് 4.02.17 ന് 163040 അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് കൂടാതെ ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങുന്നതിന് വീണ്ടും 27.05.17 ന് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ബെസ്റ്റ് പവർ സിസ്റ്റംസിന്റെ ടെണ്ടർ സ്വീകരിച്ച് ഇലക്ട്രിക്കൽ സാമഗ്രികൾ സപ്ലൈക്ക് റിപ്പയർ& മെയ്ന്റനൻസ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നം/തീയതി - തുക

266/5.07.17 – 9600

526/16.09.17 – 4990

527/16.09.17 – 4951

ആകെ - 19541/-

സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് പവർ ലൈൻ, കല്ലായി, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ കരാറിൽ കരാർ തീയതിയോ, സാമഗ്രികൾ ഏത് കാലയളവ് വരെയാണ് സപ്ലൈ ചെയ്യേണ്ടത് എന്നോ രേഖപ്പെടുത്തിയിട്ടില്ല.ഒരു സ്ഥാപനവുമായി സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ വാർഷിക അറ്റകുറ്റപണിക്കെന്ന പോലെ ഒരു വർഷത്തേക്ക് നിലനിർത്തുകയാണെങ്കിൽ ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങുന്നതിന് അടിക്കടി ടെണ്ടർ ക്ഷണിക്കുന്നതും, സാമഗ്രികൾക്ക് അധിക നിരക്ക് നൽകുന്നതും ഒഴിവാക്കി അധികച്ചെലവ് നിയന്ത്രിക്കാവുന്നതാണ്.

2017-18ലെ വാർഷിക കരാറിന് 7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3.5 ലക്ഷം രൂപ വീതം അറ്റകുറ്റപണി, സാധന സാമഗ്രികൾ വാങ്ങൽ എന്നിവക്കായി നീക്കിവെച്ചിട്ടുണ്ട്. പദ്ധതിക്കായി 31.07.17ന് ടെണ്ടർ ക്ഷണിച്ചതിൽ അറ്റകുറ്റപണി ബെസ്റ്റ് പവർ സിസ്റ്റംസ്, പാലക്കാട് എന്ന സ്ഥാപനത്തിനും, സാധന സാമഗ്രികൾ സപ്ലൈ എഡിസൺ ഇലക്ട്രോണിക്സ്, എറണാകുളം എന്ന സ്ഥാപനത്തിനും ടെണ്ടർ നൽകിയിട്ടുണ്ട്. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് എഡിസൺ ഇലക്ട്രോണിക്സ്, എന്ന സ്ഥാപനത്തിന്റെ കരാറിൽ കരാർ തീയതിയോ, സാമഗ്രികൾ ഏത് കാലയളവ്

വരെയാണ് സപ്ലൈ ചെയ്യേണ്ടത് എന്നോ രേഖപ്പെടുത്തിയിട്ടില്ല.

പവർ ലൈൻ,കോഴിക്കോടിന്റെ 2016-17 ലെ AMCകാലാവധി തീരുന്നതിനു മുൻപ് തന്നെ 2017-18 വാർഷിക അറ്റകുറ്റപണിക്കായി 31.07.17ന് സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ പ്രകാരം എഡിസൺ ഇലക്ട്രോണിക്സ്, എറണാകുളവുമായി കരാറിലേർപ്പെട്ട് 220590/-രൂപക്ക് ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം പർച്ചേസിൽ കരാറിലധിഷ്ഠതമായി ഒരു സമയക്രമം പാലിച്ചിട്ടില്ല.

2016-17, 2017-18 വാർഷിക അറ്റകുറ്റപണികളിൽ ഒരേ നിർവ്വഹണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പ്രിശോധിച്ചതിൽ സാമഗ്രികളുടെ വാർഷിക ആവശ്യകതാ നിർണ്ണയം നടത്തിക്കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (ഊർജ്ജം) മിനുട്സിലും യാതൊരു വിലയിരുത്തലുകളുമില്ല. റിപ്പയർ ചെയ്ത വിളക്കുകളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ കൃത്യമായ മോണിട്ടറിങ്ങ് റിപ്പോർട്ടുകളുടെ അഭാവത്തിൽ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതുംഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ,പരാതി രജിസ്റ്റർ സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

തെരുവ് വിളക്ക് പരിപാലനത്തിൽ ആയതിന്റെ ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പ് (ഊർജ്ജം),ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റികൾ എന്നിവരുടെ ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 3-7 ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറക്കേണ്ടതാണ്

നിലവിൽ 290 ഓളം പൊതുടാപ്പുകൾക്ക് 1,26875/-രൂപ വെള്ളക്കരമിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഫയൽ പരിശോധനക്ക് ലഭ്യമായില്ല. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ്

സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തി ഉപയോഗിക്കുന്നവക്ക മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതും, വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതാണ് .

## 3-8 ഡെപ്പോസിറ്റ് പ്രവർത്തികൾ - എസ്റ്റിമേറ്റ്, പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| ക്രമ നം. | അടങ്കൽ | പ്രൊജക്ട് | ബിൽ നം/തീയതി | തുക | നൽകിയത് |
|---|---|---|---|---|---|
| 1. | CFC grant-33554<br>വികസന ഫണ്ട്(ജനറൽ)-1011439 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, 167/18 | 117687/ 31.05.17<br>117683/ 18.12.18 | 593328 (മുൻ വർഷങ്ങളിലെ ചെലവ്)<br>33554<br>418111 | KSEB, ഇലക്ട്രിക്കൽ ഡിവിഷൻ, പാലക്കാട് |
| | 1044993 | | | 1044993 | |
| 2. | 98153 | ചെറാട് ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ,277/18 | 30/6.03.18 | 54250 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ, മലമ്പുഴ |
| 3. | 989000 | പൈപ്പ് ലൈൻ നീട്ടൽ(വാർഡ് 1,2,10,13,14,15,16), 278/18 | 31/6.03.18 | 989000 | കേരള വാട്ടർ അതോറിറ്റി, PWSS സെക്ഷൻ, മലമ്പുഴ |
| 4. | വികസന ഫണ്ട്(ജനറൽ)-40000<br>തനത് ഫണ്ട്-6000 | ഏമൂർ ഭഗവതി ക്ഷേത്രത്തിനു സമീപം പൈപ്പ് ലൈൻ നീട്ടൽ, 276/18 | 29/6.03.18<br>ഡി.ഡി നം-177498/ 28.02.18 | 40000<br>6000 | കേരള വാട്ടർ അതോറിറ്റി,<br>PHഡിവിഷൻ,<br>പാലക്കാട് |
| 5. | 115000 | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ, 183/18 | 32/6.03.18 | 115000 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ, മലമ്പുഴ |

| | | | | | |
|---|---|---|---|---|---|
| 6. | 1019042 | പൈപ്പ് ലൈൻ നീട്ടൽ,163/18 | 196752/ 30.06.17 | 711750 (മുൻ ചെലവ്) 247000 | കേരള വാട്ടർ അതോറിറ്റി, PHഡിവിഷൻ, പാലക്കാട് |

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ക്രമ നം 1, 6പ്രകാരമുള്ള പദ്ധതികളിൽ സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന് കാണുന്നു. കൂടാതെ പദ്ധതികളുടെ എസ്റ്റിമേറ്റ് മുഴുവനായും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാ- ക്രമ നം 1- KSEB, കൽപ്പാത്തി ലഭ്യമാക്കിയ 90,328/-രൂപയുടെ എസ്റ്റിമേറ്റ്, ക്രമ നം 2 -703000/- രൂപയുടെ എസ്റ്റിമേറ്റ്, ക്രമ നം 6 – 612000/-രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

കുടിവെള്ള പദ്ധതികൾക്കായി നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിയുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടണമെന്ന് സർക്കാർ ഉത്തരവ് (സാധാരണ)നം.1372/2013/ത.സ്വ.ഭ.വ, തീയതി.25-05-2013 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

വൈദ്യുത വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ കെ.എസ്.ഇ.ബി യും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ഡി.പി.1/03/ത.സ്വ.ഭ.വ, തീയതി.21-08-2003 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 3-9 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും - പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 46 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 96 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 75 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 26302929/- രൂപയിൽ 14590777/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 55.47% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് 294000/-രൂപയും തനതുഫണ്ടിൽ നിന്ന് 994143/- രൂപയും പദ്ധതികൾക്കായി

വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷത്തിൽ ആകെ 3 പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് 21.2.17 ലെ യോഗത്തിൽ ആണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ ബാഹുല്യവും മറ്റ് സാങ്കേതിക കാരണങ്ങളും സാമ്പത്തികവർഷത്തെ ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്കരിച്ചതും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തികളുടെ TS ലഭ്യമായതിന്റെ രേഖ വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ചില പ്രവത്തികളിൽ എഗ്രിമെന്റ് വെച്ചതിനു ശേഷമുള്ള തീയതിയിലെ സ്റ്റാമ്പ് പേപ്പറിലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഉദാ. 1. തോമസ് നഗർ റോഡ് 2. EMS നഗർ SC റോഡ് കോൺക്രീറ്റിംഗ് .

3. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി പൂർണ്ണമായും ചേർത്തിട്ടില്ല.

4. ഇ- ടെണ്ടർ പ്രവൃത്തികളിൽ ഇ- ടെണ്ടറിന്റെ മുഴുവൻ വിവരങ്ങളും കൃത്യമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. എല്ലാ പ്രവത്തികളിലും സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖയില്ല. നൽകിയതിൽത്തന്നെ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6. എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഇല്ല.

7. 2/2012 ലെ പുതുക്കിയ മരാമത്തു മാന്വലിനനുസൃതമായ വ്യവസ്ഥകൾ എഗ്രിമെന്റുകളിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

8. പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ബോർഡ് വെയ്ക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

9. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

10. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

11.അസി.എഞ്ചിനീയർ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

## 3-10 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. താഴെ സൂചിപ്പിക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ 2015-16, 2016-17 വർഷങ്ങളിൽ ആരംഭിച്ചതാണെങ്കിലും തൻ വർഷവും (2017-18) പൂർത്തീകരിക്കാതെ തുടരുന്നു. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം

പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഈ പ്രൊജക്റ്റ്കളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/02.11.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

| ക്രമനം. | പ്രവൃത്തി | അടങ്കൽ |
|---|---|---|
| 1 | അകത്തേത്തറ ശിവക്ഷേത്രം സ്വാതി വർക്ക് ഷോപ്പ് റോഡ് നിർമ്മാണം, 192/18 | 100000 |
| 2 | PHC അറ്റകുറ്റപ്പണി , 207/18 | 300000 |
| 3 | ഖരമാലിന്യ പ്ലാന്റിന് അറ്റകുറ്റപ്പണി, 212/18 | 300000 |
| 4. | പോലീസ് സ്റ്റേഷൻ കാക്കണ്ണി റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ്, 217/18 | 150000 |

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വികസന സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-11 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ

വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. (പല വർക്ക് ഫയലുകളിലും സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖ ഇല്ല).

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ/ തീരുമാനം/ സെലക്ഷൻ നോട്ടീസ് നൽകിയത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | ഉമ്മിണി പള്ളി റോഡ് ബഷീർ വീട് മുതൽ റസാക്ക് ചായക്കട വരെ, 159/17, PAC-257276/- | 20.12.16/ 31.12.16/ ഇല്ല | 36(b)/15.2. 17 ശ്രീ അബു താഹിർ.ഇ. | 2573/- |
| 2. | ചാത്തൻകുളങ്ങര ഭഗവതി ക്ഷേത്രം റോഡ്, 144/17, 318960/- | 20.12.16/ 31.12.16/ 03.01.2017 | 36(a)/15.2. 17 ശ്രീ അബു താഹിർ.ഇ. | 3190/- |
| 3. | ആണ്ടിമഠം AKGനഗർ കോളനി റോഡ്, 94/17, 399184/- | 22.12.16/ 31.12.16/ 03.01.2017 | 37(a)/15.2. 17 ശ്രീ അബു താഹിർ.ഇ. | 3992/- |
| 4. | വാട്ടർ ടാങ്കിനു താഴെയുള്ള ഓഫീസ് അറ്റകുറ്റപ്പണികൾ ,156/16, 484072.78 | 6.1.16/ 30.1.16/ ഇല്ല | 58/29.3.2016 ശ്രീ അബു താഹിർ.ഇ. | 4841/- |
| 5. | PHC കെട്ടിട ത്തിന്റെ അറ്റകുറ്റപ്പണി കൾ, 155/16, 259173/- | 5.8.16/ 30.8.16/ ഇല്ല | 1 / 2.12.16 ശ്രീ പ്രസാദ് | 2592/- |
| 6. | GUPS ഉമ്മിനി അറ്റകുറ്റപ്പണികൾ, 169/16, 395864/- | 5.8.16/ 30.8.16/ ഇല്ല | 2/ 2.12.16 ശ്രീ പ്രസാദ് | 3959/- |
| 7. | അകത്തേത്തറ അംഗൻവാടി നിർമ്മാണം, 120/16, 1113339.77 | 6.1.16/ 30.1.16/ഇല്ല | 57/29.3.2016 ശ്രീ അബു താഹിർ. ഇ. | 11133/- |

| | | | | |
|---|---|---|---|---|
| 8. | പഞ്ചായത്ത് കല്യാണ മണ്ഡപത്തിലെ വാട്ടർ ടാങ്കിനു താഴെയുള്ള ഓഫീസുകളുടെ പൂർത്തീകരണം, 224/17, 496845/- | 6.2.17/ 7.2.17/ ഇല്ല | 46(1)/9.3.17 ശ്രീ അബു താഹിർ. ഇ. | 4968/- |
| 9. | അംഗൻവാടികൾക്ക് അറ്റകുറ്റ പ്പണി, 203/17, 565847.5 | 6.2.17/ 7.2.17/ ഇല്ല | 47/24.3.17 ശ്രീ പ്രസാദ് | 5658/- |
| 10. | പൊതു കിണറുകളുടെ അറ്റകുറ്റപ്പണി, 215/18, 179134.91 | 16.6.17/ 29.6.17/ ഇല്ല | 6/14.8.17 ശ്രീ ഗുരുസ്വാമി | 1791/- |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ ₹. 44697/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/02.11.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

## 3-12 അകത്തേത്തറ അങ്കണവാടി നിർമ്മാണം- ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിട്ടില്ല.

പ്രൊജക്റ്റ് നം. 120/16

അടങ്കൽ - ധനകാര്യകമ്മീഷൻഗ്രാന്റ് - 1200000

ചെലവ് -1118153/- രൂപ(ബിൽ നം.- 20/31.7.17- 645677/-, 1/195.18-472476/-)

അകത്തേതേതറ അങ്കണവാടി നിർമ്മാണം പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിട്ടില്ല. 29.3.16 ൽ പ്രവൃത്തി ആരംഭിച്ച അംഗൻവാടി കെട്ടിട നിർമ്മാണം 14.2.18ന് പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നാളിതുവരെ ചെയ്തിട്ടില്ല. 12-ാം പദ്ധതി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ. 16.11.13 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രൊജക്ട് തയ്യാറാക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പ്രൊജക്ടിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഈ കെട്ടിടത്തിൽ അംഗൻവാടി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്ന് ICDS സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിന് 2018-19 വർഷത്തിൽ തുക വകയിരുത്തി പ്രൊജക്റ്റ് വെയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി(22/02.11.18) ക്ക് മറുപടി ലഭ്യമായില്ല. . ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ ആരംഭിച്ച് 2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത് . എന്നാൽ താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ ദുർഗ്ഗാ നഗർ ഹേമാംബിക സ്കൂൾ റോഡ് - 147/17

അടങ്കൽ- 500000/-(MG Road-409000/-, പ്ലാൻ ജനറൽ- 91000/-)

ചെലവ്- ബിൽ നം ./2016-17/30-03-2017 ,തുക – 111275/-, 12/30.6.17- 243442/- , 13/ 30.6.17 – 82801/-

അളവു പുസ്തകം- 21/16-17, 101/15-16

കരാറുകാരൻ- ശ്രീ. സെബാസ്റ്റ്യൻ

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Tack coat with bitumin emulsion (rs1) | 1345.55 | @0.225kg/m2 - 302.75 kg | 1.66 |
| 2 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 1345.55 | @1.46kg/m2 - 1964.50kg | 12.59 |
| 3 | Seal coat with Bitumin S-65 | 1345.55 | @0.65kg/m2 - 874.60kg | 5.60 |
| 4 | Modified penetration macadam using | 59.6 | @2kg/m2 | 0.76 |

| | | | | |
|---|---|---|---|---|
| | bitumin S-65 etc. | | - 119.2 kg | |
| ആകെ ബാരലിന്റെ വില @250/- *21 | | | | 5250 |

2. വിദ്യാ നഗർ റോഡ് - 155/17

അടങ്കൽ- 160000/-(MG Road- 130000/-, പ്ലാൻ ജനറൽ- 30000/-)

ചെലവ്- ബിൽ നം 65/28-02-2018 – 29974/-, 66/28-02-2018 – 129902/-

അളവു പുസ്തകം- 5/17-18

കരാറുകാരൻ- ശ്രീ. സാബു ജോർജ്

| ഇനം | പ്രവൃത്തി | അളവ് ($m^2$) | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Tack coat with bitumin emulsion (rs1) | 542.16 | @0.225kg/$m^2$ - 121.986kg | 0.67 |
| 2 | Modified penetration macadam using bitumin S-65 etc. | 109 | @2kg/$m^2$ - 218 kg | 1.39 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 542.16 | @1.46kg/$m^2$ - 791.553 kg | 5.07 |
| 4 | Seal coat with Bitumin S-65 | 542.16 | @0.65kg/$m^2$ - 352.404kg | 2.25 |
| ആകെ ബാരലിന്റെ വില @250/-* 10 | | | | 2500 |

3. പഴംപുള്ളി കോളനി റോഡ് - 128/17

അടങ്കൽ- 250000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- ബിൽ നം 56/17-02-2018 -249975/-

അളവ് പുസ്തകം- 9/17-18,

കരാറുകാരൻ- ശ്രീ എൽജോ.പി.ജോർജ്.

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 2 . | Prime coat with bitumin emulsion (ss1) | 300 | @0.85kg - 255 kg | 1.40 |
| 3. | Tack coat with bitumin emulsion (rs1) | 300 | @0.225kg- 67.5kg | 0.37 |
| 4 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 300 | @1.46kg- 438 kg | 2.80 |
| 5 | Seal coat with Bitumin S-65 | 300 | @0.65kg- 195 kg | 1.25 |
| ആകെ ബാരലിന്റെ വില @250/-* 7 | | | | 1750 |

4. പുന്നക്കുളം റോഡ് - 147/17

അടങ്കൽ- 250000/-(MG Road)

ചെലവ്- ബിൽ നം. 18/31.7.17– 84166/-, 62/17.2.18- 165834/-

അളവു പുസ്തകം- 12/16-17

കരാറുകാരൻ- ശ്രീ കെ.രമണൻ

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with bitumin emulsion (ss1) | 496.35 | @0.85kg- 421.897kg | 2.31 |
| 2 | Tack coat with bitumin emulsion (rs1) | 496.35 | @0.225kg- 111.678kg | 0.61 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 496.35 | @1.46kg- 724.671kg | 4.64 |
| 4 | Seal coat with Bitumin S-65 | 496.35 | @0.65kg- 322.627kg | 2.06 |
| ആകെ ബാരലിന്റെ വില @250/-* 11 | | | | 2750 |

ആകെ ബാരലിന്റെ വില – 12250/-രൂപ കരാറുകാരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/03.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

# 3-14 ബിറ്റുമിൻ വാങ്ങലും വിതരണവും

1. 2017-18 വർഷത്തെ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്നും ബിറ്റുമിൻ വാങ്ങി നൽകുന്നതിന് തീരുമാനിച്ചതനുസരിച്ച് 14 ടാറിംഗ് പ്രവൃത്തികളിൽ നിന്നായി ആകെ 1095594/- രൂപ അസി.എഞ്ചിനീയർ പിൻവലിച്ച് നൽകിയ തുക, സെക്രട്ടറി BPCL, അമ്പലമുകൾ, കൊച്ചി എന്ന സ്ഥാപനത്തിന് RTGS മുഖേന നൽകിയിട്ടുണ്ട്. 169ബാരൽ VG30 , 27ബാരൽ RS1 എന്നീ ഇനം ബിറ്റുമിൻ വാങ്ങുന്നതിനാണ് തുക നൽകിയത്. എന്നാൽ ബിറ്റുമിൻ വാങ്ങിയ Invoiceകൾ പ്രകാരം 3 പ്രാവശ്യമായി ആകെ 1091652/- രൂപയുടെ ബിറ്റുമിൻ ലഭ്യമായിട്ടുള്ളൂ.

| ക്രമനം. | ഇൻവോയ്സ് നം./തീയതി | ബിറ്റുമിൻ ലഭ്യമായത് | വില |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 4550112730/5.4.18 | VG30-49ബാരൽ, RS1- 9 ബാരൽ | 324453 |
| 2 | 4550113081/6.4.18 | VG30-76ബാരൽ RS1- 18ബാരൽ | 530612 |
| 3. | 4550115499/11.4.18 | VG30-44ബാരൽ | 236587 |
| | ആകെ | VG30-169ബാരൽ, RS1- 27ബാരൽ | 1091652 |

ആവശ്യപ്പെട്ട അളവ് ബിറ്റുമിൻ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ അധികം നൽകിയ 3942/-രൂപ( 1095594 – 1091652) തിരികെ ഈടാക്കേണ്ടതാണ്.

2. വാങ്ങൽ, വിതരണം, രേഖകൾ സൂക്ഷിപ്പ് അപാകതകൾ

- Invoice പ്രകാരം ലഭ്യമായ ബിറ്റുമിൻ സെക്രട്ടറി സ്റ്റോക്ക് എടുക്കുകയും അസി.എഞ്ചിനീയർക്ക് മൊത്തത്തിൽ വിതരണം ചെയ്തിരിക്കുകയാണ്. എന്നാൽ അസി.എഞ്ചിനീയർ ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കരാറുകാർക്ക് ഇൻഡന്റ് മുഖേനയാണ് ബിറ്റുമിൻ നൽകിയിരിക്കുന്നത്
- SS1 ബിറ്റുമിൻ ആവശ്യമുള്ള പ്രൊജക്റ്റുകളുണ്ടെങ്കിലും നാളിതുവരെ ലഭ്യമായതായി കാണുന്നില്ല.
- ബിൽനം. 85/28.3.18പ്രകാരം 56206 /- രൂപ ഹിൽവ്യൂ നഗർ റോഡ് റീടാറിംഗ് പ്രവൃത്തിക്കായി ബിറ്റുമിൻ വാങ്ങുന്നതിനായി പിൻവലിച്ചിട്ടുണ്ടെങ്കിലും ആ തുക സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളത് 3.5.18 ന മാത്രമാണ്. ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.
- അസി.എഞ്ചിനീയർ 3.5.18 ന് സെക്രട്ടറിക്ക് നൽകിയിട്ടുള്ള കത്തു പ്രകാരം പാപ്പറമ്പ് റോഡ് റീടാറിംഗ് പ്രവൃത്തിക്കായി ബിറ്റുമിൻ വാങ്ങിയെങ്കിലും ഈ പ്രവൃത്തി MLA fund ൽ നിന്നും ഉൾപ്പെടുത്തി ആരംഭിച്ചതിനാൽ ഇതിനു വാങ്ങിയ ബിറ്റുമിൻ മറ്റുള്ളവയ്ക്ക് ഉപയോഗിക്കാമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ബിറ്റുമിൻ തിരികെ വാങ്ങി മറ്റു പ്രവൃത്തികൾക്ക് നൽകിയിട്ടുള്ളതായി രേഖകളില്ല.
- വിവിധ റോഡ് ടാറിംഗ് റീടാറിംഗ് പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നതിനുള്ള അധിക തുക നൽകുന്നതിന് തനതുഫണ്ടിൽ നിന്നും 360000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല.

മേൽ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.22/02.11.18 ) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-15 പദ്ധതി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാർ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി. അംഗീകാരം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. കരാറുകാരനിൽ നിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

I. റോഡ് ടാറിംഗ് ഇതര പ്രവൃത്തികൾ

1. വാട്ടർ ടാങ്കിനു താഴെയുള്ള ഓഫീസ് അറ്റകുറ്റപ്പണികൾ

പ്രൊജക്റ്റ്നം. - 156/16

പി.എ.സി.- 484072.78 /-

ചെലവ്- ബിൽ നം -22/24.8.17 തുക – 390000/-

അളവു പുസ്തകം- 35/16-17,28/16

കരാറുകാരൻ- ശ്രീ. അബുതാഹിർ

എഗ്രിമെൻറ് നം-58/29-03-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -28.9.16 ( 6മാസം)

പൂർത്തീകരിച്ച തീയതി-18.2.17(അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ

29.09.2016 മുതൽ 3.11. 2016 വരെ (ഗ്രേസ് പിരിയഡ് )= 0 .00

4.11.16മുതൽ 3 .2.17വരെ: @1% = 4841/-

4 .2.17 മുതൽ 17-2 -1 7വരെ: @2%= 1506/-(14ദിവസം)

ഈടാക്കേണ്ട ആകെ പിഴ : 6347/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - 6347/-

2 . അകത്തേത്തറ അംഗൻവാടി നിർമ്മാണം

പ്രൊജക്റ്റ്നം. -120/16

പി.എ.സി- 1113339.77/-

ചെലവ്- ബിൽ നം.20 / 30.7.17ഉക – 645677/-, 1/19.5.18-472476/- (ക്യൂ ബിൽ മാറിയത്)

അളവു പുസ്തകം- 5/17-18 ,20/17-18, 37/17-18,4/17-18

കരാറുകാരൻ- ശ്രീ. അബൂതാഹിർ

എഗ്രിമെൻറ് നം-57/ dt.29-03-16

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -29.9.16 ( 6മാസം)

പൂർത്തീകരിച്ച തീയതി- 14.2.2018(അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല)

ഈടാക്കേണ്ട പിഴ

29.09.2016 മുതൽ 3.11. 2016 വരെ (ഗ്രേസ് പിരിയഡ് )= 0 .00

4.11.16മുതൽ 3 .2.17വരെ: @1% = 11133/-

4 .2.17 മുതൽ 3-5 -1 7വരെ: @2%= 22267/-

4 .5.17 മുതൽ 3-8 -1 7വരെ: @2%= 22267/-

4 .8.17 മുതൽ 3-11 -1 7വരെ: @2%=22267 /-

4 .11.17 മുതൽ 3.2 .18വരെ: @2%= 22267/-

4 .2.18 മുതൽ 13-2 -18വരെ: @2%= 2474/- (10ദിവസം)

ഈടാക്കേണ്ടആകെ പിഴ : 102675/-

പിഴ അടവാക്കിയത്- 24000/-

ബാക്കി ഈടാക്കേണ്ടത് - 78675/-

3. ശബരി ആശ്രമം കൺമാടം SC റോഡ്

പ്രൊജക്റ്റ്നം. -93/17

പി.എ.സി- 199767/-

ചെലവ്- ബിൽ നം. 25/27-09-2017 തുക – 200000/-

അളവു പുസ്തകം- 14/16-17

കരാറുകാരൻ- ശ്രീ. അബുതാഹിർ

എഗ്രിമെൻറ് നം-28/13-02-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 26.6.17

ഈടാക്കേണ്ട പിഴ

1-04-2017 മുതൽ 10-04-2017 വരെ (ഗ്രേസ് പിരിയഡ് )= 0 .00

11.04.17 മുതൽ 25 .6.17വരെ: @1% = 1687/-(76ദിവസം)

ഈടാക്കേണ്ടആകെ പിഴ : 1687/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 1687/-

4. പഞ്ചായത്ത് ഓഫീസിന്റെ ഗേറ്റ് നവീകരണം

പ്രൊജക്റ്റ്നം. - 227/17

പി.എ.സി- 186514/-

ചെലവ്- ബിൽ നം. 30/21-11-2017 തുക – 202780/-

അളവു പുസ്തകം-13 /16-17

കരാറുകാരൻ- ശ്രീ വി.രാമദാസ്

എഗ്രിമെൻറ് നം-42/21.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 25.8.17

ഈടാക്കേണ്ട പിഴ

1-04-2017 മുതൽ 8-04-2017 വരെ (ഗ്രേസ് പിരിയഡ് )= 0 .00

9.04.17 മുതൽ 8 .7.17വരെ: @1% = 1865/-

9 .7.17മുതൽ 24.8.17 വരെ: @2%= 1948/-( 47ദിവസം )

ഈടാക്കേണ്ടആകെ പിഴ : 3813/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 3813/-

5.<u>വാട്ടർ ടാങ്കിനു താഴെയുള്ള ഓഫീസുകളുടെ പൂർത്തീകരണം</u>

പ്രൊജക്റ്റ്നം. -224/17

പി.എ.സി- 496845/-

ചെലവ്- ബിൽ നം. 37/ 16.1.18 തുക – 237956/- , 8/31.7.18-170783/- (ക്യൂ ബിൽ മാറിയത്)

അളവു പുസ്തകം- 38/17-18 ,23/17-18

കരാറുകാരൻ- ശ്രീ. അബുതാഹിർ

എഗ്രിമെൻറ് നം-46/9-03-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 8.9.17

പൂർത്തീകരിച്ച തീയതി- 16.3.2018

ഈടാക്കേണ്ട പിഴ

9.9.2017 മുതൽ 14.10.2017 വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.10.17 മുതൽ 14 .1.18വരെ: @1% = 4968/-

15 .1.18മുതൽ 15.3.18 വരെ: @2%= 6625/-(60 ദിവസം )

ഈടാക്കേണ്ടആകെ പിഴ : 11593/-

പിഴ അടവാക്കിയത്- 11000/-

ബാക്കി ഈടാക്കേണ്ടത് - 593/-

6 . <u>അങ്കവാൽ പറമ്പ് SC റോഡ്</u>

പ്രൊജക്റ്റ്നം. -120/17

പി.എ.സി- 59686/-

ചെലവ്- ബിൽ നം. 82/28.3.18 - തുക – 59994/-

അളവ് പുസ്തകം-33/28.3.18

കരാറുകാരൻ- ശ്രീ. ആർ.രവി

എഗ്രിമെൻറ് നം-44/ dt.21-02-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 19.2.2018

ഈടാക്കേണ്ട പിഴ

1-04-2017 മുതൽ 8-04-2017 വരെ (ഗ്രേസ് പിരിയഡ് )= 0 .00

9-04-2017 മുതൽ 8-07-2017 വരെ @1% - 1000/-(മിനിമം)

9.07.17 മുതൽ 8 .10.17വരെ: @2% = 2000/- (മിനിമം)

9 .10.17മുതൽ 8.1.18 വരെ: @2%= 2000/-

9.1.18 മുതൽ 18.2.18 വരെ: @2%- 911/-(41ദിവസം )

ഈടാക്കേണ്ടആകെ പിഴ : 5911/-

പിഴ അടവാക്കിയത്- 1200/-

ബാക്കി ഈടാക്കേണ്ടത് - 4711/-

7. <u>പഞ്ചായത്ത് ഓഫീസിൽ പൊതുജനങ്ങൾക്ക് ശൗചാലയം (174/17)</u>

പി.എ.സി. - 48971/-

ചെലവ്- ബിൽ നം .69/28.2.18, തുക – 48666/-

അളവ് പുസ്തകം- 3/17-18

കരാറുകാരൻ- ശ്രീ. എൽജോ.പി.ജോർജ്

എഗ്രിമെൻറ് നം-41/ 21.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17 (മാസം)

പൂർത്തീകരിച്ച തീയതി- 28.7.17

ഈടാക്കേണ്ട പിഴ

1.4.17മുതൽ 8.4.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

9.4.17 മുതൽ 8.7.17വരെ: @1% = 1000/-(മിനിമം)

8.7.17മുതൽ 27.7.17 വരെ: @2%= 422/-

ഈടാക്കേണ്ട ആകെ പിഴ : 1422/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 1422/-

8. <u>പഞ്ചായത്ത് ഫ്രണ്ട് ഓഫീസിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ(219/17)</u>

പി.എ.സി. -620778.97/-

ചെലവ്- ബിൽ നം . 35/16.1.18, തുക – 176719/-(ഫൈനൽ), പാർട്ട് ബിൽ -2016-17-432986/-

അളവു പുസ്തകം- 22/16-17,27/16-17, 34/16-17, 2/17-18

കരാറുകാരൻ- ശ്രീ. വി.രാമദാസ്

എഗ്രിമെൻറ് നം- 25/ 18.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 29.6.17

ഈടാക്കേണ്ട പിഴ

1.4.17മുതൽ 15.4.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

16.4.17 മുതൽ 28.6.17വരെ: @1% = 5104 /-

ഈടാക്കേണ്ടആകെ പിഴ : 5104/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 5104/-

II <u>റോഡ് ടാറിംഗ് പ്രവൃത്തികൾ</u>

2016-17 ൽ ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി തുടർന്നതുമായ ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് ടാർ ലഭ്യമാകുന്നതിന് വൈകി എന്നും ടാർ ലഭ്യമായപ്പോൾ മഴ കാരണം പ്രവൃത്തി നടന്നില്ല എന്ന കാരണത്താൽ പൂർത്തീകരണ സമയം

ദീർഘിപ്പിക്കാനാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ എല്ലാത്തിന്റെയും ഫയലിൽ ഇതു തെളിയിക്കുന്നതിനാവശ്യമായ എഗ്രിമെന്റ് കാലാവധിക്കുള്ളിലുള്ള അപേക്ഷയോ, ബിറ്റുമിൻ ലഭ്യമായത് വൈകി എന്നതിന് പല ഫയലിലും Bitumin original bill ഇല്ല. കൂടാതെ പഞ്ചായത്തിലെ പല പ്രവൃത്തികളിലും 31.5.17 നകം ബിറ്റുമിൻ ലഭ്യമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നിരിക്കെ ടാർ ലഭ്യമാകുന്നതിന് വൈകി എന്നുള്ള കാരണം അംഗീകരിക്കത്തക്കതല്ല. മാത്രമല്ല എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കത്ത വിധത്തിൽ സാധന സാമഗ്രികൾ സംഭരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. കേരള പൊതുമരാമത്ത് മാന്വൽ (2012) ലെ നിർദ്ദേശ പ്രകാരം പൂർത്തീകരണ സമയം ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവ് അത്). പരമാവധി extention ഒറിജിനൽ time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല. കേരള പൊതുമരാമത്ത് മാന്വൽ (2012) പ്രകാരം കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. മേൽക്കാരണങ്ങളാൽ ഈ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും താഴെ സൂചിപ്പിക്കും വിധം പിഴ ഈടാക്കേണ്ടതാണ്.

1. വിദ്യാനഗർ റോഡ് (155/17)

പി.എ.സി. - 159351/-

ചെലവ്- ബിൽ നം .65/15.3.18 , തുക – 29974/-, 66/28.2.18-129902/-

അളവു പുസ്തകം- 5/17-18

കരാറുകാരൻ- ശ്രീ. ആർ.സാബു

എഗ്രിമെൻറ് നം- 31/ 15-02-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.03.17

പൂർത്തീകരിച്ച തീയതി- 30.01.18

ഈടാക്കേണ്ട പിഴ

1.4.17മുതൽ 9.4.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

10.4.17 മുതൽ 9.7.17വരെ: @1% =1593/-

10.7.17മുതൽ 9.10.17 വരെ: @2%= 3187/-

10.10.17മുതൽ 9.1.18 വരെ: @2%-3187 /-

10.1.18 മുതൽ 29.01.18 വരെ : @2%-708/- (20 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 8675/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 8675/-

2. പഴം പുള്ളി കോളനി റോഡ് (128/17)

പി.എ.സി. - 249764/-

ചെലവ്- ബിൽ നം .56/17.2.18, തുക – 249975/-

അളവു പുസ്തകം- 9/17-18

കരാറുകാരൻ- ശ്രീ. എൽജോ.പി.ജോർജ്.

എഗ്രിമെൻറ് നം- 45/21.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 30.1.18

ഈടാക്കേണ്ട പിഴ

1.4.17മുതൽ 8.4.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

9.4.17 മുതൽ 8.7.17വരെ: @1% = 2498/-

19.7.17മുതൽ 8.10.17 വരെ: @2%= 4975/-

9.10.17മുതൽ 8.1.18 വരെ: @2%- 4975/-

9.1.18 മുതൽ 29.01.18 വരെ : @2%- 1165/- (21ദിവസം)

ഈടാക്കേണ്ടആകെ പിഴ : 13653/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 13653/-

3. പുന്നക്കുളം റോഡ് (152/17)

പി.എ.സി. -249417/-

ചെലവ്- ബിൽ നം. 18/31.7.17- 84166/- , 62/28.3.18, തുക – 165834/-

അളവു പുസ്തകം- 12/16-17

കരാറുകാരൻ- ശ്രീ. കെ.രമണൻ.

എഗ്രിമെൻറ് നം- 36/15.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -31.3.17

പൂർത്തീകരിച്ച തീയതി- 18.1.18

ഈടാക്കേണ്ട പിഴ

1.4.17മുതൽ 9.4.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

10.4.17 മുതൽ 9.7.17വരെ: @1% = 2494/-

10.7.17മുതൽ 9.10.17 വരെ: @2%= 4988/-

10.10.17മുതൽ 9.1.18 വരെ: @2%- 4988/-

10.1.18 മുതൽ 17.01.18 വരെ : @2%- 443/- (8ദിവസം)

ഈടാക്കേണ്ട ആകെ പിഴ : 12913/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 12913/-

പിഴയിനത്തിൽ മേൽ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കേണ്ട 137593/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/2.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-16 <u>Average tender below</u>

## <u>കണക്കാക്കാത്തതുമൂലം കരാറുകാരന് തുക കൂടുതൽ നൽകി</u>

പ്രൊജക്റ്റ്- അങ്കണവാടികളുടെ അറ്റകുറ്റപ്പണി (203/17)

അടങ്കൽ -700000/-

എസ്റ്റിമേറ്റ് തുക-645298/-

ഇ ടെണ്ടറിൽ ക്വോട്ടുചെയ്തത്- 565847.5 (Item Rate BoQ)

കരാറുകാരൻ- പ്രസാദ്

ബിൽ നം. 26/11.10.17-311865/- , 34/16.18- 37110/-

അളവുപുസ്തകം -1/17-18, 2/17-18

പ്രവൃത്തിയിൽ 29.7.17ലെ 14-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റിലെ ചില ഇനങ്ങൾക്ക് ഭേദഗതി വരുത്തുകയും രണ്ട് ഇനങ്ങൾ എക്സ്ട്രാ ആയി ഉൾപ്പെടുത്തുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 394791/- ആയി കുറയുകയും ഇതിന് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ല് പ്രകാരം തുക

നൽകിയപ്പോൾ എക്സ്ട്രാ ഇനം 1, 2 (Observed Data) എന്നിവയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിലെ അതേ നിരക്ക തന്നെയാണ് നൽകിയിട്ടുള്ളത്. Average tender below (12.3%) കണക്കാക്കി നൽകാത്തതുമൂലം ഈയിനങ്ങളിൽ കരാറുകാരന് തുക കൂടുതൽ നൽകിക്കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എക്സ്ട്രാ ഇനം. | റിവൈസ്ഡ് എസ്റ്റിമേറ്റ് നിരക്ക് പ്രകാരം നൽകിയത് | നല്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| 1. Providing & fixing factory made door frame ......solid PVC ...etc. | @264.52* 14.73 sqm =3896.37 | @231.99*14.73= 3417.21 | 479.16 |
| 2. Providing & fixing factory made door shutter | @2768.08 * 5.153m =14263.91 | @2427.61* 5.153 12509.47 | 1754.44 |
| ആകെ അധികം | | | 2233.6 ie,2234 |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/03.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. കൂടുതൽ നൽകിയ തുക 2234/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-17 ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിയാനം- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിയാനം വന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ വ്യതിയാനം Work Slip വെച്ച് ക്ഷമതയുള്ള അധികാരി അംഗീകരിച്ചതായോ കാണുന്നില്ല.

1. PHC കെട്ടിടം മെയിന്റനൻസ് - പ്രവൃത്തികൾ മുഴവൻ ചെയ്തിട്ടില്ല. മുഴവൻ തുകയും ചെലവഴിച്ചിട്ടില്ല. പാർട് ബിൽ ആണ് നൽകിയിരിക്കുന്നത്. എന്നാൽ റിട്ടെൻഷൻ കുറവു ചെയ്തിട്ടില്ല. പ്രവൃത്തി പിന്നീട് നടന്നതായോ പ്രവൃത്തി അവസാനിപ്പിച്ചതായോ രേഖ ഇല്ല.

2. GUPS അകത്തേത്തറ മെയിന്റനൻസ് - വ്യതിയാനം Work Slip വെച്ച് അംഗീകരിച്ചിട്ടില്ല.

## 3-18 ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടാത്ത ഇനത്തിന് കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല

പ്രൊജക്റ്റ്- 227/17-പഞ്ചായത്ത് ഓഫീസിന്റെ ഗേറ്റ് നവീകരണം

അടങ്കൽ -215000/-

കരാറുകാരൻ- വി.രാമദാസ്

ബിൽനം.30/20.11.17-202780/-

അളവുപുസ്തകം- 13/16-17

മേൽ പ്രവൃത്തിയുടെ ആദ്യ എസ്ററിമേറ്റിൽ L.S. പ്രൊവിഷനായി 10000/- രൂപ Name Board സ്ഥാപിക്കുന്നതിന് വകയിരുത്തിയിരുന്നു. എന്നാൽ ഈയിനം, പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നില്ല. 25.8.17 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 31.8.17 ലെ തീരുമാനം 3(6) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം Name Board സ്ഥാപിക്കുന്നതിന് 24920/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ വർക്ക് ബിൽ , അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ Name Board എഴുതുന്നതിനായി ക്വട്ടേഷൻ വിളിക്കുകയും കുറവു ക്വോട്ടു ചെയ്ത "പ്രണവം " എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് (നം.328/ തീയതി ഇല്ല) പ്രകാരമുള്ള തുക അളവുപുസ്തകത്തിലും ബില്ലിലും ഉൾപ്പെടുത്തി ആകെ പ്രവൃത്തിമൂല്യം 202780/- (ടെണ്ടർ വ്യതിയാനം കുറവുചെയ്ത്) ആയി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈസ്ഥാപനത്തിന് തുക നൽകിയതിന്റെയോ സ്ഥാപനം തുക കൈപ്പറ്റിയതിന്റേയോ യാതൊരു രേഖയും ഫയലില്ല. ട്രഷറിയിൽ നിന്നും പിൻവലിച്ച 202780/- രൂപയിൽ ആദായനികുതി- 2028/-, തൊഴിലാളി ക്ഷേമനിധിവിഹിതം 2028/- എന്നിവ കഴിച്ച് ബാക്കി തുകയായ 198724/-രൂപ മുഴുവനും കരാറുകാരന്റെ (വി.രാമദാസ്) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയാണുണ്ടായത്. ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടാത്ത ഇനത്തിന് കരാറുകാരന് തുക നൽകിയത് ശരിയായ നടപടിയല്ല. ആയതിനാൽ ഈയിനത്തിൽ ചെലവു ചെയ്ത 24920/- രൂപയുടെ ചെലവിൽ കൃത്യതയില്ലാത്തതിനാൽ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-19 സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക പൂർണ്ണമായി സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മുൻ വർഷങ്ങളിൽ വവിധ പദ്ധതി നിർവ്വഹണത്തിനായി, സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക ചെലവഴിക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. ഉദാഹരണമായി ഭവന പദ്ധതിക്കായി മുൻ വർഷം ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭ്യമായതിൽ നീക്കിയിരിപ്പുള്ള 220000/-രൂപയിൽ 20000/-രൂപയും പാലിയേറ്റിവ് കെയർ പദ്ധതിക്കായി മുൻ വർഷം ലഭ്യമായതിൽ നീക്കിയിരിപ്പുള്ള 150000/-രൂപയിൽ 90110/-രൂപയും മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ഇതിനു പുറമേ തൻവർഷം ലൈഫ് പദ്ധതി, ശുചിത്വം എന്നിവയ്ക്കായി ലഭ്യമായ തുകയും ചെലവഴിച്ചിട്ടില്ല.

മറ്റു സ്രോതസ്സുകളിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാകുന്ന തുക യഥാസമയം ഫലപ്രദമായി ചെലവഴിക്കുന്നതിന് തക്ക ആസൂത്രണം നടത്തുന്നതിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് , എന്നിവർ വീഴ്ച വരുത്തിയതു മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തേണ്ടതും അതിനു സാധിക്കാത്ത പക്ഷം ലഭ്യമായ തുക തിരികെ നൽകേണ്ടതുമാണ്.

# 3-20 ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടില്ല

തൻവർഷം ബ്ലോക്ക് വിഹിതമായി പ്രൊജക്റ്റ് നം. 34- ശുചിത്വം, മാലിന്യസംസ്കരണം -എന്നതിന്റെ ഭാഗമായി മലമ്പുഴ ബ്ലോക്ക്പഞ്ചായത്തിൽ നിന്നും 1000000/-രൂപ ലഭ്യമായിട്ടുണ്ട്. ഈ തുക പഞ്ചായത്തിന്റെ STSB-22 അക്കൗണ്ടിൽ 25.3.2018 ന് ബ്ലോക്ക്പഞ്ചായത്ത് നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണുണ്ടായത്. ഈ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല. തുകയുടെ നിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/2.11.2012) ലഭിച്ച മറുപടി പ്രകാരം 2018-19 വർഷത്തിൽ പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങി നിർവ്വഹണം നടന്നു വരുന്നു എന്നാണ്. തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-21 പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

2017-18 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധനയിൽ കണ്ടെത്തിയതു പ്രകാരം കമ്മിറ്റി ആകെ 4പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. 13.07.17 ലെ തീരുമാനത്തിൽ തൻ വർഷത്തെ 48 പ്രൊജക്റ്റുകളിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 26.8.17, 20.12.17 എന്നീ തീയതികളിൽ തെരുവു വിളക്കുകൾ സംബന്ധിച്ചുള്ള തീരുമാനങ്ങളാണ് എടുത്തിരിക്കുന്നത് . എന്നാൽ 2017-18 ലെ അവസാന മീറ്റിംഗിൽ - 22.3.18 – “ വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടത്തിയ

വാങ്ങലുകൾ യോഗം ചർച്ച ചെയ്തു. പ്രസ്തുത വാങ്ങലുകൾക്ക് നിയമാനുസൃതം പാലിക്കേണ്ട നടപടികൾ പാലിച്ചിട്ടുണ്ടെന്നും സമയപരിമിതി മൂലം വാങ്ങലുകൾക്ക് മുന്നോടിയായി കൂടേണ്ട യോഗം കൂടുന്നതിന് കഴിയാഞ്ഞതിനാൽ താഴെ ചേർക്കുന്ന വാങ്ങലുകൾക്കും സേവനങ്ങൾക്കും സാധൂകരണം നൽകുന്നതിനും തീരുമാനിച്ചു " എന്നാണ് തീരുമാനം രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ വാങ്ങലുകളും പൊതുമരാമത്തു പ്രവൃത്തികളും ഉൾപ്പെടെ 66 ഇനങ്ങൾക്കാണ് ഇപ്രകാരം സാധൂകരണം നൽകിയത്. ഇത് പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ല.ഇതുപ്രകാരം പ്രൊക്വർമെന്റ് കമ്മിറ്റി വാർഷിക വാങ്ങൽ പദ്ധതി പ്ലാൻ ചെയ്യേണ്ടതും പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ മേൽപ്പറഞ്ഞ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല . പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ ടെണ്ടറുകൾ വിളിക്കുന്നതിന് തീരുമാനമെടുക്കുന്നതായി മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം കാണുന്നത്. എന്നാൽ ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി വിലയിരുത്തുകയോ, തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയാണ് ഭരണ സമിതി അംഗീകരിക്കേണ്ടതെന്ന നടപടിക്രമം പാലിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്. സേവനങ്ങളും സാധനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി അതാത് സമയത്ത് യോഗം ചേരാതിരിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/2.11.2012) ലഭിച്ച മറുപടി നടപ്പ സാമ്പത്തിക വർഷം മുതൽ അതാത് സമയത്ത് യോഗം ചേരുന്നതാണ് എന്നാണ്.

## 3-22 ഉമ്പൂർമുഴി മാതൃകയിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ - ഐ.ആർ.ടി.സിയിൽ നിന്ന് പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണം - വി.ഇ.ഒ

സാമ്പത്തിക വർഷം ഉമ്പൂർമുഴി മാതൃകയിൽ ഗ്രാമപഞ്ചായത്തിലെ 2 സ്ഥലങ്ങളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതിനായി IRTC, മുണ്ടൂരിലേക്ക് വികസന ഫണ്ടിൽ നിന്ന് 200000/-രൂപ ബിൽ നമ്പർ 33/22.03.18 മുഖേന നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന്(നം - 11/29.10.18) നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ സമർപ്പിച്ച മറുപടിയിൽ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തി പൂർത്തീകരിച്ചു എന്നറിയിച്ചിട്ടുണ്ട്. IRTC, മുണ്ടൂരിൽ നിന്ന് ചെലവിന്റെ വിനിയോഗ വിവരവും, പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-23 ബക്കറ്റ് കംപോസ്റ്റ് പദ്ധതി - ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പായില്ല

നിർവ്വഹണം- വി.ഇ.ഒ

ബക്കറ്റ് കംപോസ്റ്റ് എന്ന പദ്ധതിക്ക് (93/18)സാമ്പത്തിക വർഷം 200 പേർക്ക് 82000 രൂപ (40000- വികസന ഫണ്ട്, 42000- ഗുണഭോക്തൃ വിഹിതം) വകയിരുത്തിയതിൽ 5230/- മാത്രമാണ് ചെലവുള്ളത്. ആകെയുള്ള 200 പേരിൽ 13 പേർ മാത്രമാണ് ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുള്ളത്. 2016-17 വർഷത്തിൽ 221 ഗുണഭോക്താക്കൾകായി 90610 രൂപ വകയിരുത്തിയതിൽ 104 ഗുണഭോക്താക്കൾക്ക് ബക്കറ്റ് കംപോസ്റ്റ് അനുവദിച്ചു. 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി 68675 വകയിരുത്തിയതിൽ (പ്രൊജക്റ്റ് നം - 171/18)ചെലവില്ല. മേൽ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം - 11/29.10.18) നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ സമർപ്പിച്ച മറുപടി പ്രകാരം ബക്കറ്റ് കംപോസ്റ്റ് പദ്ധതിക്ക് തൽപരരായ ഗുണഭോക്താക്കൾ ഇല്ല എന്നാണ് . ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് (കുടിവെള്ളം, ശുചിത്വം) പരിശോധിച്ചതിൽ ഇത്തരം ഒരു പദ്ധതി നിർദ്ദേശിച്ചതായി കാണുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്ന് ഉയർന്നു വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 മേൽപ്പുര റിപ്പയർ (ജനറൽ)- പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ - 87/18

അടങ്കൽ - 400000

ചെലവ് - 270000

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മേൽ പദ്ധതിക്കായി സാമ്പത്തിക വർഷം 15 ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം ധനസഹായം അനുവദിച്ചതിൽ താഴെ പറയുന്ന 3 പേർ ഒരു ഗഡുവായ 10000/-രൂപ മാത്രം കൈപ്പറ്റി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേരു വിവരം |
|---|---|

| | |
|---|---|
| 1 | ബുഷറ, w/o സുലൈമാൻ,ബാസില മൻസിൽ, കണ്ണയംകാവ്, ആണ്ടിമഠം |
| 2 | അപ്പുക്കുട്ടി, s/o രാമൻ, കളത്തിൽ വീട്,<br><br>കല്ലേക്കുളങ്ങര |
| 3 | മീനാക്ഷി, w/o ചെല്ലപ്പനാശാരി, കൊളുമ്പിൽ വീട്, അകത്തേത്തറ |

പദ്ധതി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-25 അൺ എയിഡഡ് സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ജി ഒ(ആർ ടി)2427/2007പൊ.വി. തീ 1.8.2017 പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ എസ് ജി ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ് /അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-26 ഹെഡ് മാസ്റ്റർ നടത്തിയ പദ്ധതികൾ-സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നടത്തിയ പദ്ധതികളിലൊന്നും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.സ്കൂളിനായി സാധനങ്ങൾ വാങ്ങുമ്പോൾ അത് സ്റ്റോക്കിൽ എടുക്കേണ്ടതും വിതരണം ചെയ്യുമ്പോൾ സ്റ്റോക്കിൽ നിന്നും കുറയ്ക്കുകയും ചെയ്യേണ്ടതാണ്.മേൽ അപാകത പരിഹരിക്കേണ്ടതാണ്.

## 3-27 പാലിയേറ്റിവ് കെയർ-സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്

29.10.2015 ലെ സർക്കാർ ഉത്തരവ് (സാ. ധാ.)നം 3217/2015 ത.സ്വ.ഭ.വ. പ്രകാരം ആണ് പാലിയേറ്റീവ് കെയർ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത്. പ്രസ്തുത

ഉത്തരവിലെ നിർദ്ദേശങ്ങളിൽ പലതും പാലിക്കാതെയാണ് ഗ്രാമപ്പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.മേൽ ഉത്തരവിന്റെ ഖണ്ഡിക 2.3.2 പ്രകാരം, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതുണ്ട്. ഈ യോഗത്തിൽ അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും അവലോകന റിപ്പോർട്ട് അവതരിപ്പിക്കുകയും വേണം. എന്നാൽ 2017 – 18 വർഷം ആകെ രണ്ട് യോഗം മാത്രമേ ചേർന്നിട്ടുള്ളൂ.

2.മേൽ ഉത്തരവിന്റെ ഖണ്ഡിക 2.4പ്രകാരം, ഗ്രാമപ്പഞ്ചായത്ത് പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ മാസവും അഞ്ചാം തീയതിക്കു മുമ്പായി യോഗം ചേരേണ്ടതുണ്ട്.എന്നാൽ ഗ്രാമപ്പഞ്ചായത്ത് പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

3. മേൽ ഉത്തരവിന്റെ ഖണ്ഡിക 2.5.6 പ്രകാരം, പാലിയേറ്റീവ് കെയർ പദ്ധതിയിൽ അംഗങ്ങളായ ഗുണഭോക്താക്കളുടെ നോമിനൽ രജിസ്റ്റർ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

4.ഓരോ 6 മാസം കഴിയുമ്പോഴും വാഹനത്തിനായി പുതിയ ക്വട്ടേഷൻ ക്ഷണിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല

പാലിയേറ്റിവ് കെയർ പദ്ധതികളുമായി ബന്ധപ്പെട്ട് അലോപ്പതി മരുന്ന് വാങ്ങുന്നതിന് 1,00,000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം 80492/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ . 19508/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ടി മരുന്നു ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-28 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - ഭൂവികസന പദ്ധതികൾ ലക്ഷ്യം കണ്ടില്ല

സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ ഭൂവികസന പദ്ധതികൾ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.തോടുകളുടെ വശങ്ങളിലെ കാട് നീക്കം ചെയ്ത് കയർ ഭൂവസ്ത്രം വിരിക്കുന്നതിനാണ് പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത്. കയർ ഭൂവസ്ത്രം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ആലപ്പുഴക്ക് 12.03.2018 ന് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടെങ്കിലും മൊത്തം 3 പ്രവർത്തികൾക്ക് ആവശ്യമായ 3000 m2 കയർ ഭൂവസ്ത്രത്തിൽ 1600m2 മാത്രമാണ് ലഭ്യമായിട്ടുള്ളത്. പ്രവർത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവർത്തി | അടങ്കൽ | ചെലവ് | ലഭ്യമായ | ലഭ്യമാകേണ്ടത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നം | | | | കയർ ഭൂവസ്ത്രത്തിന്റെ അളവ്(m2) | |
| 1 | കരിപ്പാലി തോട് പുനരുദ്ധാരണം | 494648 | 413490 | 900 | 100 |
| 2 | ചീക്കഴി തോട് പുനരുദ്ധാരണം | 498606 | 425556 | 600 | 400 |
| 3 | എരിവരിതോട് പുനരുദ്ധാരണം | 495786 | 337606 | 100 | 900 |

മേൽ പ്രവർത്തികൾ 2018 – 19 സാമ്പത്തിക വർഷത്തിലും കയർ ഭൂവസ്ത്രത്തിന്റെ ലഭ്യത ഉറപ്പാക്കാതെ 12.04.18ലെ പഞ്ചായത്ത് തീരുമാനം 6(1) പ്രകാരം സ്പിൽ ഓവറായി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാവുമെങ്കിൽ തന്നെയും 2017-18 വർഷം നിർവ്വഹിച്ച earth work, surface dressing എന്നീ പ്രവർത്തികൾ വീണ്ടും നിർവ്വഹിക്കേണ്ടതായി വരും. ഇപ്രകാരം പദ്ധതികൾ ഉദ്ദേശലക്ഷ്യം കൈവരിക്കാതെ ആവർത്തന സ്വഭാവമുള്ള പ്രവർത്തികളായിത്തീരുന്നു. ആയതിനാൽ കയർ ഭൂവസ്ത്രത്തിന്റെ ലഭ്യത അനുസരിച്ച് ആക്ഷൻ പ്ലാനിൽ വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## 3-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ - പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ഇടപെടലുകൾ കാര്യക്ഷമമല്ല

2017-18 സാമ്പത്തിക വർഷം വികസന ഫണ്ട് വിനിയോഗിച്ച് അസി.സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പദ്ധതി (158/18)കേരള സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി) 3/2013 എസ്.പി.ഡി 21.06.2013, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010എന്നിവയിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. പദ്ധതി പ്രകാരം 51പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര തുടങ്ങിയ ഫർണിച്ചറുകൾ വാങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ - 200000

ചെലവിന്റെ വിശദാംശങ്ങൾ

ബിൽ നം / തീയതി - 13/28.03.18

തുക – 181815/-

നൽകിയത് - Effar Traders, പട്ടിക്കര,പാലക്കാട്

പദ്ധതിക്കായി 1.01.2018 ന് ടെണ്ടർ ക്ഷണിച്ചതിൽ 4 ടെണ്ടറുകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് Effar Traders ആണെങ്കിലും ടി സ്ഥാപനത്തിന്റെ ടെണ്ടർ പരിശോധിച്ചതിൽ മേശ,കസേര എന്നിവയുടെ കുറഞ്ഞ നിരക്കുള്ള ബ്രാൻഡുകൾ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ബ്രാൻഡുകൾ അംഗീകരിച്ചതായി കാണുന്നു. ടെണ്ടറിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| സാമഗ്രികൾ | നിരക്ക് |
|---|---|
| മേശ | 1777<br>2325 |
| കസേര | 590<br>795<br>937<br>1190<br>1240 |

പഞ്ചായത്തിന്റെ ടെണ്ടർ ഷെഡ്യൂൾ പ്രകാരം മേശ,കസേര, എന്നിവയുടെ സ്പെസിഫിക്കേഷൻസ് താഴെ ചേർക്കുന്നു.

മേശ (മരം/സ്റ്റീൽ) - 36*18*30

കസേര - (മരം/സ്റ്റീൽ)

30.01.2018 ലെ പഞ്ചായത്ത് തീരുമാനം നം - 7(1) പ്രകാരം മേശയുടെ ഗുണനിലവാരം അനുസരിച്ചാണ് കൂടിയ നിരക്കായ 2325/-രൂപ സ്വീകരിച്ചിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ കസേര യുടെ കൂടിയ നിരക്കായ 1240/-രൂപ സ്വീകരിച്ചിട്ടുള്ളത് മറ്റുള്ളവക്ക് കൈപ്പിടിയില്ലെന്ന കാരണത്താലാണ്. കസേരയുടെ ടെണ്ടർ സ്പെസിഫിക്കേഷനിൽ കൈപ്പിടിയോടു കൂടിയവ എന്ന് പ്രത്യേകം ചേർത്തിട്ടുമില്ല. സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ കസേരയുടെ 5 നിരക്കുകളും metal arm with cushion എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ പറയാത്ത ഇനം ചൂണ്ടിക്കാണിച്ച്

ആയത് നിരസിക്കുന്നത് ക്രമപ്രകാരമല്ല.

വാങ്ങിയ സാമഗ്രികളുടെ ഗുണനിലവാരം, കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത് എന്നിവക്കാധാരമായ പർച്ചേസ് കമ്മറ്റി തീരുമാനം, വർക്കിങ്ങ് ഗ്രൂപ്പ് മോണിട്ടറിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 12/29.10.18) നിർവ്വഹണോദ്യോഗസ്ഥനായ അസി. സെക്രട്ടറി സമർപ്പിച്ച വിശദീകരണം പ്രകാരം കസേരയുടെ ഗുണനിലവാരം, കുട്ടികൾക്ക് കസേരയിൽ ബോർഡ് വെച്ച് എഴുതാൻ കഴിയുന്ന സൗകര്യം എന്നിവ പരിഗണിച്ചാണ് കൈപ്പിടി ഉള്ള കസേര തിരഞ്ഞെടുത്തത് എന്നാണ്.

മേൽ സാഹചര്യങ്ങളിൽ വാങ്ങലുകളിലെ സുതാര്യത ഉറപ്പാക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതാണ്.

സാധന/സേവന ലഭ്യത, ഗുണനിലവാരം തുടങ്ങിയ ഘടകങ്ങൾ ഉറപ്പുവരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് കമ്മറ്റി രൂപീകരിച്ച് കമ്മറ്റിയുടെ കണ്ടെത്തലുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥർ ആയതിനുള്ള വിശദീകരണം നൽകുന്നതിലൂടെ പദ്ധതി നിർവ്വഹണം സുതാര്യമാക്കാവുന്നതാണ്.

## 3-30 വനിതകൾക്ക് തുന്നൽ പരിശീലനം - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

പ്രൊജക്റ്റ് നം - 69/18

അടങ്കൽ - 280000

ചെലവ് - 150000

നിർവ്വഹണം- വി.ഇ.ഒ

നിലവിൽ സ്വയം തൊഴിൽ ചെയ്യുന്ന സ്വന്തമായി തയ്യൽ മെഷീൻ ഉള്ള ഗ്രേഡിങ്ങ് കഴിഞ്ഞ കുടുംബശ്രീ ഗ്രൂപ്പുകളിലെ 25 പേർക്ക് തൊഴിൽ വൈദഗ്ധ്യ പോഷണത്തിനായാണ് പ്രസ്തുത പരിശീലന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പരിശീലനത്തിനായി ഐ.ആർ.ടി.സി, മുണ്ടൂരിന് താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

ബിൽ നം/തീയതി - തുക

8/9.01.18 - 75000

22/27.02.18 - 60000

വായ്പ - 15000

ആകെ - 150000

പദ്ധതിയിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി നിലവിൽ സ്വയം തൊഴിലിൽ ഏർപ്പെടാത്ത ഗുണഭോക്താക്കൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്. പരിശീലനം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിലും നിലവിൽ 3 പേർ മാത്രമാണ് സ്വയംതൊഴിൽ ചെയ്യുന്നത്. മേൽ പദ്ധതിയിലൂടെ പരിശീലനം ലഭിച്ച മറ്റ് 22 പേർ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 11/29.10.18) നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ സമർപ്പിച്ച മറുപടി പ്രകാരം ബാക്കി ഗുണഭോക്താക്കൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 2018-19 വർഷത്തിൽ പ്രൊജക്ടുകൾ വകയിരുത്തിയിട്ടുണ്ട്.

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 ലെ നിർദ്ദേശങ്ങൾ പ്രകാരം പരിശീലനത്തിനു മാത്രമായി പദ്ധതികൾ തയ്യാറാക്കുവാൻ പാടില്ല.വികസന പദ്ധതിയുടെ ഭാഗമായാണ് പരിശീലന പദ്ധതികൾ തയ്യാറാക്കേണ്ടത്.

ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (സ്ത്രീകൾ, കുട്ടികളുടെ വികസനം)മേൽ പദ്ധതിയുടെ തുടർ മോണിട്ടറിങ്ങ് നടത്തി പരിശീലനം ലഭിച്ച ഗുണഭോക്താക്കൾ തൊഴിൽ സംരംഭങ്ങളു തുടങ്ങുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-31 ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായിട്ടുള്ള പ്രൊജക്ടുകൾ

2017-18 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം ആകെ 15 പ്രൊജക്ടുകൾക്കായി 5782200/- വകയിരുത്തിയിരുന്നുവെങ്കിലും 11 പ്രൊജക്ടുകൾക്കായി ആകെ 3516570/- രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയതിന്റെ 60.8% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അങ്കണവാടി പോഷകാഹാര പരിപാടിക്കായി (ജനറൽ, പട്ടികജാതി & പട്ടികവർഗ്ഗം) കേന്ദ്രാവിഷ്കൃത പദ്ധതിഫണ്ടിൽ നിന്നും 1000000/-രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും 6.3.18 ന് 739627/- രൂ. കൈമാറിയെങ്കിലും ഇത് ചെലവഴിക്കാതെ നിർവ്വഹണോദ്യോഗസ്ഥ 31.3.18നു ശേഷം ചെക്ക് തിരിച്ചു നൽകുകയാണുണ്ടായത്.

ഓഡിറ്റ് വർഷം അംഗീകാരം വാങ്ങിയിട്ടുള്ള താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | നമ്പർ | അടങ്കൽ |
|---|---|---|---|
| 1. | വയോജനങ്ങൾക്ക് കട്ടിൽ | 111/18 | 25500 |
| 2. | പെൺകുട്ടികളുടെ കരാട്ടെ പരിശീലനം | 112/18 | 25000 |
| 3. | ജാഗ്രതാസമിതി പ്രവർത്തനം | 113/18 | 86000 |
| 4. | പെൺകുട്ടികളുടെ കൗൺസിലിംഗ് | 114/18 | 64000 |

ഈ പ്രവൃത്തികൾ നടപ്പിലാകാതിരുന്നതിരുന്ന സാഹചര്യം വ്യക്തമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/3.11.18) ലഭിച്ച മറുപടി നിലവിലുള്ള സൂപ്പർവൈസർ 1/2018 നാണ് ചാർജെടുത്തത് അതിനാൽ എല്ലാ പ്രൊജക്ടുകളും നടപ്പിലാക്കാൻ സാധിച്ചില്ല എന്നാണ്.

താഴെ പറയുന്ന പ്രവൃത്തികൾ ഭാഗികമായേ നടപ്പിലായുള്ളൂ.

1. യുവജനങ്ങളുടെ യോഗ പരിശീലനം (110/18)

പ്രൊജക്റ്റിൽ 100000/-രൂപ വകയിരുത്തിയെങ്കിലും ആകെ 4410/-രൂപയേ (ബിൽ നം.21/28.3.18) ചെലവഴിച്ചിട്ടുള്ളൂ. 4410/-രൂപയ്ക്ക് വാങ്ങിയ Cotton cloth (യോഗമാറ്റ്-20 nos.) സ്റ്റോക്കിലെടുത്ത് വിതരണം കാണിച്ചിട്ടില്ല. 'ആയുഷ്' മായി സഹകരിച്ചുള്ള യോഗ പരിശീലനം 30 പേർക്ക് 100 ദിവസത്തെ പരിശീലനം നൽകി ഗവൺമെന്റ് ഏജൻസികളിലൂടെ ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭ്യമാക്കു ന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ പരിശീലകസ്ഥാപനത്തെയും പരിശീലകരെയും തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, 'ആയുഷ്'' ന്റെ സഹകരണം തേടിയിരുന്നോ എന്നിവ വ്യക്തമല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകയതിന്റെ ബാക്കി ചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തിലായതിനാൽ ഇവയുടെ രേഖകൾ അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. അങ്കണവാടികൾക്ക് വെയിംഗ് മെഷീൻ, കസേര, അധിക വാടക (105/18)

മേൽ പ്രൊജക്റ്റിൽ 260 ഫൈബർ കസേര വാങ്ങുന്നതിന് ബിൽ നം.21/28.3.18പ്രകാരം 120900/- പിൻവലിച്ച് ചെലവു ചെയ്തിട്ടുണ്ട്. കസേര സ്റ്റോക്കിലെടുത്ത് ഓരോ അങ്കണവാടിയ്ക്കും 10വീതം വിതരണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധിക വാടക വിതരണം ചെയ്യുകയോ വെയിംഗ് മെഷീൻ വാങ്ങുകയോ ചെയ്തിട്ടില്ല.

3. വയോജനങ്ങൾക്കുള്ള പ്രവർത്തനങ്ങൾ (115/18)

392300/- രൂപ വകയിരുത്തിയെങ്കിലും 64887/- രൂപ (ബിൽ നം.20/28.3.18) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിട്ടുള്ള ഈ പ്രൊജക്റ്റിൽ ' വയോജന സൗഹൃദ സൗജന്യ ചികിൽസ ക്യാമ്പ് ' 12.3.18, 15.3.18 തീയതികളിൽ 2 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച് 251 പേരുടെ രക്തപരിശോധന നടത്തി യൂറിയ, ക്രിയാറ്റിൻ, കൊളസ്ട്രോൾ, TSH എന്നിവ പരിശോധിച്ച് റിസൽറ്റ് നൽകുകയാണ് തൻവർഷം ചെയ്തിട്ടുള്ളത്. മെഡിക്കൽ ക്യാമ്പിൽ രക്ത പരിശോധന നടത്തുന്നതിന് ഒരാൾക്ക് 232/-രൂപ നിരക്കിൽ ആകെ 58232/-രൂപ DCRC SRL Diagnostic Services, Palakkad എന്ന സ്ഥാപനത്തിനും മറ്റ് അനുബന്ധച്ചെലവുകൾക്കുമായാണ് 64887/- രൂപ ചെലവഴിച്ചത്. പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

- മെഡിക്കൽ ക്യാമ്പ് നടത്തിയിരിക്കുന്നത് ആരോഗ്യ രംഗത്തെ വിദഗ്ധരുടെ സാന്നിദ്ധ്യത്തിലല്ല. പ്രൊജക്റ്റ് നിർവ്വഹണം പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർമാരുടെ സഹകരണത്തോടെയല്ല.
- സ്വകാര്യ ലാബിൽ രക്ത പരിശോധന നടത്തി ലഭ്യമാകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി ലാബ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ PHC യിൽ തുടർ പ്രവർത്തനം നടത്തുന്നുണ്ട് ബാക്കിയുള്ള പ്രവർത്തനങ്ങൾ 18-19 ൽ നടപ്പിലാക്കും എന്നാണ്.

3. അങ്കണവാടി സർഗ്ഗ പ്രതിഭാ സംഗമം (60/18)

അങ്കണവാടി കുട്ടികളുടെ കലാകായിക വാസനകളെ പ്രോൽസാഹിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായിട്ടുള്ള ഈ പ്രൊജക്റ്റിന് 25000/-രൂപ വകയിരുത്തിയതിൽ ബിൽ നം. 28/28.3.18 പ്രകാരം 13605/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. 9725/-രൂപയുടെ ബില്ല് പണമാക്കാനായില്ല. പദ്ധതി മാർച്ച് 27, 28 തീയതികളിലാണ് നടത്താൻ തീരുമാനിച്ചത്. എന്നാൽ ഇത് നടന്നതിന്റെ രേഖകളോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഇല്ല.

4. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (116/18)

പദ്ധതി വിഹിതം ജനറൽ ഫണ്ടിൽ നിന്നും 700000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 100000/- രൂപയും ഉൾപ്പെടെ 800000/-രൂപ വകയിരുത്തിയ ഈ പ്രൊജക്റ്റിനായി തൻ വർഷം ആകെ 693700/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 100000/- രൂപ വകയിരുത്തിയെങ്കിലും വിഹിതം ലഭ്യമായിട്ടില്ല.

5. ബഡ്സ് സ്കൂൾ & റിഹാബിലിറ്റേഷൻ സെന്റർ(66/18)

പഞ്ചായത്തിൽ ബഡ്സ് സ്കൂൾ & റിഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിനും ഭിന്നശേഷിക്കാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും പഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പ്രൊജക്റ്റിന് 225000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുള്ള തുക 150377/-രൂപ ബഡ്സ് സ്കൂളിന് ടീച്ചർക്കും ആയക്കും ഹോണറേറിയം, കുട്ടികൾക്ക് ഭക്ഷണം, പഠന സാമഗ്രികൾ, സ്റ്റേഷനറി, പാത്രങ്ങൾ, ഫർണിച്ചർ, വാഹനവാടക എന്നിവയ്ക്കാണ്. മറ്റ് പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

8.1.2018 ൽ ആരംഭിച്ച ബഡ്സ് സ്കൂളിൽ നിലവിൽ 11 കുട്ടികൾ ഉണ്ട്. സ്കൂളിന് സ്വന്തമായി കെട്ടിടമില്ല. ഹോണറേറിയം, മറ്റു നടത്തിപ്പു ചെലവുകൾ എന്നിവയ്ക്ക് ഫണ്ട് നിലവിൽ തനതുഫണ്ട്, വികസനഫണ്ട് എന്നിവയിൽ നിന്നാണ് കണ്ടെത്തുന്നത്. ജില്ലാ ബ്ലോക്ക്പഞ്ചായത്തുകളുടെ സഹായം ലഭ്യമായിട്ടില്ല.

ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം, വർക്ക്ഷെഡ് നിർമ്മാണം , ഫർണിച്ചർ , മറ്റ് ഉപകരണങ്ങൾ എന്നിവക്ക് ജില്ലാപഞ്ചായത്തിന്റെയോ ബ്ലോക്ക്പഞ്ചായത്തിന്റെയോ വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വിവിധ കമ്മിറ്റികൾ</u>

- ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ,സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് എന്നിവർ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പ്രൊജക്റ്റ് നിർദ്ദേശങ്ങൾ, ശുപാർശകൾ ഭരണസമിതിക്ക് നൽകിയിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ട് ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിൽ പാളിച്ച സംഭവിച്ചിട്ടുണ്ട്. യഥാസമയത്തുള്ള മോണിറ്ററിംഗിന്റെ അഭാവമാണ് ഇതിനു കാരണം.

- ചെറുങ്ങോട്ടുകാവ്(നം.48), ഇതിങ്ങാ പറമ്പ് (നം.46) എന്നീ അങ്കണവാടികളുടെ വെൽഫെയർ കമ്മിറ്റി മിനിറ്റ്സ് പരിശോധിക്കുമ്പോൾ ഇവ 2017-18 ൽ വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ 5പ്രാവശ്യത്തോളം യോഗം ചേർന്നിട്ടുണ്ടെങ്കിലും അങ്കണവാടികളുടെ പ്രവർത്തനം, പോഷകാഹാര വിതരണം എന്നിവ സംബന്ധിച്ച് ഐസിഡിഎസ് സൂപ്പർവൈസറുമായി ചർച്ച നടത്തിയതായോ നിർദ്ദേശങ്ങൾ നൽകിയതായോ കാണുന്നില്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ മോണിറ്ററിംഗ് നടത്തിക്കാണുന്നില്ല.

- 22.2.2018 ന് രൂപീകരിച്ച ബഡ്സ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം സ്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ താൽക്കാലികമായി ഉറപ്പുവരുത്താനെ സാധിച്ചിട്ടുള്ളൂ എന്നുകാണുന്നു. പ്രവർത്തനത്തിനുള്ള ഫണ്ട് ലഭ്യത

ഉറപ്പുവരുത്തുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ ശുപാർശ ചെയ്തുകാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

- ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാമൂഹ്യനീതി, വനിതാ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- പ്രൊജക്റ്റിലെ നിർവ്വഹണ കലണ്ടറിനനുസൃതമായി പദ്ധതികൽ പൂർത്തീകരിക്കുന്നതിനും ലഭ്യമായ ഫണ്ട് പൂർണ്ണമായി ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണത്തിനായി മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകാവുന്ന ഫണ്ട് ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.
- പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവർ അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ,പ്രവൃത്തികൾ എന്നിവ നിർദ്ദേശിക്കേണ്ടതും ആയവ നിർവ്വഹിക്കേണ്ടതും അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്.
- ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അങ്കണവാടികളുടെ പ്രവർത്തനം, പോഷകാഹാര വിതരണം, ആയതിന്റെ ഗുണനിലവാരം എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 3-32. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

അകത്തേത്തറ ഗ്രാമ പഞ്ചായത്തിനു കീഴിലുള്ള 26 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് ഐസിഡിഎസ് സൂപ്പർവൈസറിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| സ്വന്തമായി കെട്ടിടമുള്ളത് | 14 |
| വാടക കെട്ടിടത്തിലുള്ളത് | 9 |
| വാടകേതരം | 3 |
| സ്ഥലം ലഭിച്ചിട്ടുള്ളത് | 5 |
| സ്വന്തം കെട്ടിടത്തിൽ കുടിവെള്ള സൗകര്യം ഉള്ളത് | 6 |
| " ഇല്ലാത്തത് | 8 |
| " വൈദ്യുതി ഉള്ളത് | 12 |
| " ചുറ്റുമതിൽ ഉള്ളത് | 11 |
| ഗ്യാസ് കണക്ഷൻ | 26 |
| ടോയ്‌ലറ്റ് | 25 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രൊജക്റ്റുകൾ വയ്ക്കുന്നുണ്ടെങ്കിലും ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വികസന, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 1441168/-രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ

സൂക്ഷിച്ചിട്ടുണ്ട്. പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്രഫണ്ട് സമയപരിധിക്കകം തന്നെ പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 110000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് നൽകൽ | 110000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 579682 | - ടി- | 579682 | 0 |
| -ടി - | 2017-18 | 395570 | സമഗ്ര നെൽകൃഷി പരിപാലനം | 395570 | 0 |
| -ടി- | 2017-18 | 1000000 | മാലിന്യസംസ്കരണം വാഹനം വാങ്ങൽ | 0 | 1000000 |
| - ടി- | 2016-17 | 220000 | ഭവന പദ്ധതി | 20000 | 200000 |
| -ടി- | 2016-17 | 150000 | പാലിയേറ്റിവ് കെയർ | 90110 | 59890 |
|  | 2017-18 | 439984 | ലൈഫ് | - | 439984 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക മുൻകൂർ നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | തുക |
|---|---|---|---|---|---|
| KSEB, ഇലക്ട്രിക്കൽ ഡിവിഷൻ, പാലക്കാട് | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 117687/ 31.05.17 117683/ 18.12.18 | 33554 418111 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ, മലമ്പുഴ | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 32/6.03.18 | 115000 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി, PWSS സെക്ഷൻ, മലമ്പുഴ | പൈപ്പ് ലൈൻ നീട്ടൽ (വാർഡ് 1,2,10,13, 14,15,16) | 31/6.03.18 | 989000 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ, മലമ്പുഴ | ചെറാട് ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | 30/6.03.18 | 54250 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി, PH ഡിവിഷൻ, പാലക്കാട് | പൈപ്പ് ലൈൻ നീട്ടൽ | 196752/ 30.06.17 | 247000 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി, PH ഡിവിഷൻ, പാലക്കാട് | ഏമൂർഭഗവതി ക്ഷേത്രത്തിന്റെ സമീപം പൈപ്പ് ലൈൻ നീട്ടൽ | 29/6.03.18 ഡി.ഡി നം- 177498/ 28.02.18 | 29/6.03.18 ഡി.ഡി നം-177498/ 28.02.18 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും തന്നെ നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നും തന്നെയില്ല. ഓഡിറ്റ് വർഷം 22110/- ഈയിനത്തിൽ രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS LOAN | 427/2010 /തസ്വഭവ .തീയതി- 6.2.17 | 13956000 | 922110 | 900000 | | 22110 |

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-8(a)<br>2-8(b) | 2006-07 | 3-6<br>4-1 | വരവിനങ്ങളിലെ ക്രമക്കേട് പണാപഹരണം | വരവ് നഷ്ടം പലിശ സഹിതം 142638/-രൂപ 09/2009 മുതൽ തവണകളായി റിക്കവറി നടത്തിയിട്ടുണ്ട്. സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 | 3.3.16 | വിഷയാധിഷ്ഠിത അവലോകനം | 3.3.6 | ആരോഗ്യ മേഖല | തീർപ്പാക്കിയിട്ടില്ല |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67351170 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63917114 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 196774/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - 24920/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 44697/-(fine) | 15774- അരുൺ. ജെ.പ്രതാപ്, അസി.എഞ്ചിനീയർ 28723- ശാലിനി.വി. അസി.എഞ്ചിനീയർ |
| 3-13 | | 12250/- | ശാലിനി.വി. അസി.എഞ്ചിനീയർ |
| 3-15 | | 137593/-(fine) | ശാലിനി.വി. അസി.എഞ്ചിനീയർ |
| 3-16 | | 2234 | ശാലിനി.വി. അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-18 | 24920 | ശാലിനി.വി. അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശാലിനി.വി. അസി.എഞ്ചിനീയർ | ഡെപ്യൂട്ടേഷൻ | വലിയപറമ്പിൽ ഹൗസ്, വൃന്ദാവൻ നഗർ, പുതുശ്ശേരി പി.ഒ, പിൻ-678 623 |
| അരുൺ. ജെ.പ്രതാപ്, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ കരിങ്കുളം ഗ്രാമ പഞ്ചായത്ത് തിരുവനന്തപുരം ജില്ല | പ്രതാപിൽ ഹൗസ്, കാച്ചാനി, നേട്ടയം (പി.ഒ) തിരുവനന്തപുരം – 695013 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് | അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.പി6-251/98 /25-9-98 | ഫർദർ റിമാർക്സ് | - |
| 1997-98 | എൽ.എഫ്.പി6-922/98/2-12-00 | ഫർദർ റിമാർക്സ് | 24 |
| 1998-99 | എൽ.എഫ്.പി6-136/2000 /17.6.00 | ഫർദർ റിമാർക്സ് | 12 |
| 1999-00 | എൽ.എഫ്.പി6-1144/01/15-1-02 | ഫർദർ റിമാർക്സ് | - |
| 2000-01 | എൽ.എഫ്.പി14-945/04 /22-1-08 | ഫർദർ റിമാർക്സ് | 18 |
| 2001-02 | എൽ.എഫ്.പി14-443/15/1-2-16 | ഫർദർ റിമാർക്സ് | 11 |
| 2002-03 | എൽ.എഫ്.പി14-1070/2008 /13-11-08 | ഫർദർ റിമാർക്സ് | 12 |
| 2003-04 | എൽ.എഫ്.പി14-1071/2008 /28-11-08 | ഫർദർ റിമാർക്സ് | 8 |
| 2004-05 | എൽ.എഫ്.പി14-1072/2008 /5-2-09 | ഫർദർ റിമാർക്സ് | 8 |
| 2005-06 | എൽ.എഫ്.പി14-36/2011/ 31.0-3-11 | ഫർദർ റിമാർക്സ് | 7 |
| 2006-07 | എൽ.എഫ്.പി14-37/2011/7-6-11 | ഫർദർ റിമാർക്സ് | 10 |
| 2007-08 | എൽ.എഫ്.പി14-38/2011/24-1-11 | ഫർദർ റിമാർക്സ് | 7 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 14-212/16/ 27-10-2016 | കത്ത് | 2 |
| 2009-10 | എൽ.എഫ്.പി14-2088/2012/ 9.11.2012 | കത്ത് | 3 |
| 2010-11 | കെ.എസ്.എ- പി.കെ.ഡി.14-215/15/14.10.16 | ഫർദർ റിമാർക്സ് | 6 |
| 2011-12 | എൽ.എഫ്.പി14-1787/2015/ 30-5-2016/22.8.16 | ഫർദർ റിമാർക്സ് | 16 |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 303/16/18.10.16 | ഫർദർ റിമാർക്സ് | 11 |

| | | | |
|---|---|---|---|
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/2264/16,29-03-2017 | ഫർദർ റിമാർക്സ് | 8 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 14/210/2017/8.01.2018 | ഫർദർ റിമാർക്സ് | 6 |
| 2016-17 | നംകെ.എസ്.എ.പി.കെ.ഡി. 847/2018/4.06.2018 | ഫർദർ റിമാർക്സ് | 11 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല
3. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുന്നതിനായി കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യഗസ്ഥർ “Deposit work "കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.
5. അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് വാല്യൂ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല
6. ജനറൽ പർപ്പസ് ഗ്രാന്റ് തുകയുടെ യഥാർത്ഥവരവ് തുകയല്ല വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു ഗഡു തുക ₹771698/- അധികമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തി.
7. വസ്തു നികുതി തൻവർഷം & കുടിശ്ശിക -ഡിമാന്റിൽ നിന്നും യഥാർത്ഥ കളക്ഷൻ കുറയ്ക്കുമ്പോൾ കിട്ടുന്ന തുകയല്ല ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ-സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല .

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## പത്രികകൾ

**(എ) ബാലൻസ് ഷീറ്റ് സംഗ്രഹം**

| BALANCE SHEET For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23880861.75 |
| 312000000 | Reserves | B-3 | 20623574.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 44504435.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3231812.00 |
| | Total Grants, Contributions for Specific Purposes | | 3231812.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 22110.00 |
| | Total Loans | | 22110.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1727738.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 901303.25 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2629041.25 |
| | TOTAL LIABILITIES | | 50387399.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 43224536.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 43224536.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3644697.00 |
| 440000000 | Pre-paid Expenses | B-16 | 22110.00 |
| 450000000 | Cash and Bank Balance | B-17 | 3434056.00 |

| | | | |
|---|---|---|---|
| 460000000 | Loand, Advances and Deposits | B-18 | 62000.00 |
| Total Current Assets, Loans and Advances | 7162863.00 | | |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 50387399.00 | | |

(ബി) ഇൻകം & എക്സ്പെൻഡിച്ചർ സംഗ്രഹം

INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8481626.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 369324.00 |
| 140000000 | Fee & User Charges | I-4(b) | 604645.00 |
| 150000000 | Sale & Hire Charges | I-5(b) | 96401.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 15000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 85613957.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 52486.00 |
| 180000000 | Other Income | I-9 | 113270.00 |
| | Total Income | | 95346709.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13430146.00 |
| 220000000 | Administrative Expenses | I-11(b) | 1424713.00 |
| 230000000 | Operations & Maintenance | I-12(b) | 4492159.00 |
| 240000000 | Interest & Finance Charges | I-13 | 132.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 8592397.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17549974.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3143514.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1374162.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 34887360.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 9937611.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 12500.00 |
| | Subsidies | | |
| | Total Expenditure | | 94844668.00 |
| | Gross Surplus/ Deficit of income over Expenditure | | 502041.00 |
| 280000000 | Prior Period Item | I-18 | 1024947.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -522906.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

(സി)രസീപ്റ്റ് & പെയ്മെന്റ്സ് സംഗ്രഹം

| RECEIPT & PAYMENT STATEMENTFor the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5337385.00 |
| Cash | Cash | RP-40(a) | 109509.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 4012350.00 |
| 130000000 | Rental income from Panchayat Properties | RP-3 | 300000.00 |
| 140000000 | Fees & User Charges | RP-4 | 442117.00 |
| 150000000 | Sale & Hire Charges | RP-5 | 96401.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45178356.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 52486.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4466270.00 |
| 350000000 | Other Liabilities | RP-36 | 550835.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 396848.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 15395.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 590937.00 |
| 350000000 | Other Liabilities | RP-36 | 259696.00 |
| 360000000 | Provisions | RP-37 | 1095594.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4281539.00 |
| 460000000 | Loans, Advances and Deposits | RP-47 | 165452.00 |
| | Grand total | | 67351170.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5966022.00 |
| 220000000 | Administrative Expenses | RP-12 | 1379713.00 |
| 230000000 | Operations & Maintenance | RP-13 | 4492159.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6234995.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10996065.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3143514.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 1374162.00 |
| Sector Division | | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 26760.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9937611.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 12500.00 |
| 280000000 | Prior Period item | RP-26 | -5050.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1134181.00 |
| 350000000 | Other Liabilities | RP-36 | 6882604.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 132.00 |
| 280000000 | Prior Period Item | RP-26 | -13435.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 900000.00 |
| 340000000 | Deposits Received | RP-34 | 271410.00 |
| 350000000 | Other Liabilities | RP-36 | 2266607.00 |
| 410000000 | Fixed Assets | RP-38 | 1029434.00 |
| 412000000 | Capital work in Progress | RP-40 | 4037475.00 |
| 420000000 | Investments | RP-41 | 0.0 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 3477803.00 |
| 460000000 | Loans, Advances and Deposits | RP-47 | 372452.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3382728.00 |
| Cash | Cash | RP-40(b) | 51328.00 |
| | Grand Total | | 67351170.00 |